# സമന്വയ

അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 23 ജനുവരി 2019 ലക്കം 1

***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***പത്രാധിപർ***

റവ.ഡോ.മൈക്കിൾ തോമസ്

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. ജൂഡിറ്റ് പയസ് ലോറൻസ്

റവ. ഡോ. ഡൈസൺ വൈ.

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

റവ. ഫാ. ടോണി ഹാംലെറ്റ്

റവ. ഫാ. ഷാജൻ ജോസ്

***കവർ & ലേ-ഔട്ട്***

റവ.ഫാ.സുരേഷ്പയസ്

ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001

## താളുകളിൽ

- നവനേതൃത്വം: ഇമ്മാനുവൽ അനുഭവത്തോടെ നക്ഷത്ര വിളക്കുകളാകുവാനുള്ള വിളി (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി - ജനുവരി
- ബിഷപ്സ് ഡയറി - ജനുവരി
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജന ശുശ്രൂഷ
- വിദ്യാഭ്യാസ ശുശ്രൂഷ
- സാമൂഹ്യ ശുശ്രൂഷ
- അല്മായ ശുശ്രൂഷ

# നവനേതൃത്വം: ഇമ്മാനുവൽ അനുഭവത്തോടെ നക്ഷത്രവിളക്കുകളാകുവാനുള്ള വിളി

പുതുമ എന്നും ചലനാത്മകതയുടെ പ്രതീകമാണ്; വിശിഷ്യാ സൃഷ്ടിപരമായ നവീനതയാകുമ്പോൾ. 2019 പുതിയൊരു വർഷം ദൈവം നമുക്കായ് സമ്മാനിക്കുമ്പോൾ, സ്രഷ്ടാവിനെ കൂടുതൽ അടുത്തറിയുവാൻ രക്ഷയുടെ മാർഗ്ഗം സ്വീകരിച്ച് പുത്തനാണ്ടിൽ പുതിയ തീരുമാനങ്ങൾ എടുക്കുവാൻ, പുതുമയോടെ, പ്രത്യാശയോടെ ഏൽപിക്കപ്പെട്ട ഉത്തരവാദിത്തം നിർവ്വഹിക്കുവാനുള്ള ദൈവത്തിന്റെ ക്ഷണവും കൂടിയാണ് പുതുവത്സരം. 2018-ൽ നമ്മുടെ കൂടെയുണ്ടായിരുന്ന പലരും ഇപ്പോൾ നമ്മോടൊപ്പം ഇല്ല എന്നറിയുമ്പോൾ ഈ വിളിയുടെ പ്രസക്തിയും പുതുവത്സരത്തിൽ നമുക്കുണ്ടായിരിക്കേണ്ടതും മനോഭാവവും വ്യക്തമാകും.

നവവത്സരത്തിന്റെ പുതുമ വീണ്ടും നമുക്ക് അനുഭവവേദ്യമാകുന്നത് നമ്മുടെ ബിസിസി, ഇടവക, ഫെറോന അതിരൂപതാതലത്തിൽ പുതിയസാരഥികൾ നവനേതൃത്വം ഉത്തരവാദിത്തം ഏറ്റെടുത്ത് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലൂടെയാണ്. പുതിയ ഭാരവാഹികളാകുമ്പോൾ നമ്മെ ഉത്തരവാദിത്തമേല്പിച്ച ജനങ്ങൾ നമ്മിൽ നിന്നും പുതുമയാർന്ന, ദീർഘവീക്ഷണവും സൃഷ്ടിപരവുമായ തീരുമാനങ്ങളും പ്രവർത്തനങ്ങളും പ്രതീക്ഷിക്കുന്നു. ദൈവജനത്തിലൂടെ നമ്മെ വിളിച്ച് ഉത്തരവാദിത്തമേല്പിക്കുന്നത് ദൈവമാണെന്നും വിളിച്ചവൻ വിശ്വസ്തതയോടെ കൂടെയുണ്ടെന്നും നമ്മെ നയിക്കുമെന്നുള്ള "ഇമ്മാനുവൽ അനുഭവം" സ്വന്തമാക്കുമ്പോൾ നമ്മൽ കൂടുതൽ ചലനാത്മകമുള്ളവരാകും. ജ്ഞാനികൾക്ക് വഴികാട്ടി, ഹേറോദേസിന്റെ ദുഷ്ടമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ച് വ്യത്യസ്തമായ പാതയിലൂടെ രക്ഷകനിലേയ്ക്ക് നയിച്ച നക്ഷത്രാനുഭവത്തിന്റെ തെളിമ സ്വായത്തമാക്കുമ്പോൾ പുതുവത്സം പ്രതീക്ഷയുടെ, നന്മ പ്രവർത്തിക്കുവാനുള്ള ഇച്ഛാ ശക്തിയുടെ വർഷമായിമാറും.

നവനേതൃത്വത്തിന്റെ തെരഞ്ഞെടുപ്പിലും ഇടവകകൗൺസിൽ അംഗങ്ങളുടെ പരിശീലനത്തിലും ബഹുമാനപ്പെട്ട ഫെറോനവികാരിമാരുടെ നേതൃത്വത്തിൽ ഇടവക വികാരിയച്ചന്മാരും അല്മായ സഹോദരങ്ങളും കാണിച്ച ശുഷ്കാന്തിയും സഹകരണവും ഏറെ പ്രോത്സാഹനജനവും





അഭിനന്ദനാർഹവുമാണ്. ഇത്തരുണത്തിൽ ഈ പ്രക്രിയയുമായി സഹകരിച്ച ഏവർക്കും നന്ദിയും അഭിനന്ദനവും അറിയിക്കുന്നു.

ദൈവം നമുക്ക് നല്കിയിരിക്കുന്ന രണ്ട് വർഷക്കാലം ഉത്തരവാദിത്തത്തോടെ, ഒത്തൊരുമയോടെ. പരസ്പരം മനസ്സിലാക്കി, അംഗീകരിച്ച്, പ്രോത്സാഹിപ്പിച്ചുകൊണ്ട് നമ്മുടെ ജനങ്ങളുടെ സമഗ്രമായ വളർച്ചയും ദൈവരാജ്യമൂല്യങ്ങളുടെ വ്യാപനവും ലക്ഷ്യമാക്കി പ്രവർത്തിക്കാം.ഇടവക ഫെറോന അതിരൂപത തലത്തിൽ ഓരോ സമിതിക്കും വ്യക്തമായ ദർശനവും മുൻഗണനയോടുകൂടിയുള്ള കർമ്മപദ്ധതികളും ഉണ്ടാകട്ടെ.

വളരെ പ്രത്യേകിച്ച് 2019-ാം ആണ്ടിൽ ശുശ്രൂഷസമിതികളെ ശക്തിപ്പെടുത്തി അടിസ്ഥാന ക്രൈസ്തവസമൂഹങ്ങൾക്ക് കൂടുതൽ കരുത്തേകും; പ്രാർത്ഥനയുടെ, വചനാനുഭവത്തിന്റെ, പരസ്പരമുള്ള കരുതലിന്റെ, പങ്കുവക്കലിന്റെ, താല്പര്യപൂർവ്വമുള്ള ശുശ്രൂഷയുടെ വേദികളാക്കാം. അതിനായി ഇടവക കൗൺസിൽ അംഗങ്ങളും യൂണിറ്റ് ഭാരവാഹികളും, ശുശ്രൂഷാപ്രതിനിധികളും ഒരുമിച്ച് കൈകോർത്ത് പ്രവർത്തിക്കാം. ഈ ലക്ഷ്യപ്രാപ്തിക്കായി 2019-ാ മാണ്ട് അല്മായ പരിശീലനത്തിന്റെ, അർപ്പണബോധമുള്ള നേതൃത്വം വാർത്തെടുക്കുവാനുള്ള പരിശീലനത്തിന്റെ വർഷമാക്കി മാറ്റാം. 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഫെറോനാതലത്തിലും ഇടവകതലത്തിലും ശുശ്രൂഷാസമിതി അംഗങ്ങൾക്കും ബിസിസി യൂണിറ്റ് ഭാരവാഹികൾക്കുമുള്ള പരിശീലനങ്ങൾ അതിരൂപതാ ഫെറോനാ സമിതികളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ സാധിക്കണം.

ഇമ്മാനുവൽ അനുഭവം സ്വന്തമാക്കിക്കൊണ്ട്, ദിശാബോധമേകുന്ന നക്ഷത്രവിളക്കുകളായി മാറിക്കൊണ്ട് പുത്തനാണ്ടിൽ പരസ്പരം പ്രത്യാശയേകാം, ശുശ്രൂഷകരാകാം. അതിനായ് തിരുക്കുടുംബത്തിന്റെ പ്രത്യേക മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

ഏവർക്കും പ്രത്യാശയുടെ സന്തോഷവും സമാധാനവും നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു.

**ഫാ. മൈക്കിൾ തോമസ്**
എഡിറ്റർ.

## ARCHBISHOP'S DIARY, JANUARY 2019

| | | | |
|---|---|---|---|
| 01 | TUE | 07.00 am | Confirmation, Palayam |
| 05 | SAT | 02.30 pm | **Convocation Day, Jubilee Hospital** |
| 06 | SUN | 05.30 pm | Feast Day Eucharistic Celebration,Vizhinjam |
| 07 MON TO 15 TUE | | | **CCBI MEETING, CHENNAI** |
| 19 | SAT | | KRLCC Executive Meeting |
| 20 | SUN | 07.30 am | PASTORAL VISIT, Nambiyathi |
| 25 | FRI | | **Inter-Church Council, Charalkunnu** |
| 27 | SUN | 05.00 pm | Home Mission Conclusion, Pallithura |
| 31 | THU | 05.30 pm | Feast Day Eucharistic Celebration, Killipalam |

**Fr. Shynish Bosco**
Secretary to Archbishop





## AUXILIARY BISHOP'S DIARY, JANUARY 2019

| | | | |
|---|---|---|---|
| 02 | WED | 11.00 am | Marriage Blessing, Pangode |
| 05 | SAT | 11.00 am | Marriage Blessing, Poovar |
| | | 03.30 pm | **Priestly Ordination, Adimalathura** |
| 07 MON TO 15 TUE | | | **CCBI MEETING, CHENNAI** |
| 19 | SAT | 10.30 am | **Priestly Ordination, Thumba** |
| 20 | SUN | 05.30 pm | Feast Day Eucharistic Celebration, Malamughal |
| 22 | TUE | 06.00 pm | Founders Day, Pallotigiri |
| 24 | THU | 03.00 pm | **Priestly Ordination, Azhakulam** |
| 27 | SUN | 05.00 pm | Feast Day Eucharistic Celebration, Palayam |
| 28 | MON | 06.00 pm | Holy Mass, St. Thomas Acquinas Church, Kochuthura |
| 30 | WED | 11.00 am | Marriage Blessing, Pangode |
| 31 | THU | 04.00 pm | **Priestly Ordination, Cheriyathura** |

**Fr. Shynish Bosco**
Secretary to Archbishop

# JANUARY 2019

***WISH YOU ALL A HAPPY NEW YEAR***

**BIRTHDAYS**

| | |
|---|---|
| 1. Rev. Fr. Jose Karekatt msfs | 01.01.1962 |
| 2. Rev. Fr. Biju Vadakkumchery, S.J | 07.01.1975 |
| 3. Rev. Fr. Judith Pius Lawrence | 08.01.1980 |
| 4. Rev. Fr. Thiyadatious A D'cruz | 10.01.1969 |
| 5. Rev. Fr. Arulanandam Arockiam SJ | 10.01.1947 |
| 6. Rev. Fr. Edison Y. M. | 11.01.1975 |
| 7. Rev. Fr. Victor J. Everystus IV Dei | 12.01.1981 |
| 8. Rev. Dr. Hyacinth M. Nayakam | 13.01.1957 |
| 9. Rev. Fr. Abraham Thylammanal SAC | 14.01.1948 |
| 10. Rev. Fr. Jijo George Palliparambil | 14.01.1973 |
| 11. Rev. Fr. John Dall | 14.01.1984 |
| 12. Rev. Fr. Malbin Soosai | 15.01.1978 |
| 13. Rev. Fr. Michael Thomas | 16.01.1972 |
| 14. Rev. Fr. Jose Franklin B. | 19.01.1973 |
| 15. Rev. Fr. Rajeesh V. Rajan | 21.01.1983 |
| 16. Rev. Fr. Augustine Kallunkal, S.J. | 22.01.1947 |
| 17. Rev. Fr.Stephen Mukkattil Sdb | 24.01.1952 |
| 18. Rev. Fr. Albert M. | 25.01.1963 |
| 19. Rev. Fr. Ansel Antony CMF | 25.01.1978 |
| 20. Rev. Fr. Romance L. | 27.01.1942 |
| 21. Rev. Fr. Fredy Solomon | 28.01.1976 |
| 22. Rev. Fr. Daniel R. | 28.01.1988 |
| 23. Rev. Fr. Vishal V | 28.01.1988 |
| 24. Rev. Fr. Pancretius A. | 28.01.1955 |

**ORDINATION ANNIVERSARYS**

| | |
|---|---|
| 1. Rev. Fr. Abilash RCJ | 01.01.2018 |
| 2. Rev. Fr. George Kooliath OFM Cap | 02.01.1984 |
| 3. Rev. Fr. Pious Vachaparambil .S.J. | 02.01.1994 |
| 4. Rev Fr Thomas Padinjarayil SDB | 02.01.2003 |
| 5. Rev. Fr. Thomas Thanniyil(Tom) | 02.01.2006 |
| 6. Rev. Fr. Anto Joris | 03.01.2000 |
| 7. Rev. Fr. Dasappan S.J. | 03.01.2004 |
| 8. Rev. Fr. Manu Kulapurath | 04.01.2018 |
| 9. Rev. Fr. Jose Pulinthanath S.J | 05.01.2002 |
| 10. Rev. Fr. Joseph Roy, Ofm Cap | 05.01.2002 |
| 11. Rev. Fr. Jeeson Thannikkot OSJ | 05.01.2008 |
| 12. Fr. Sunil Padannamakkel SJ | 06.01.2008 |
| 13. Rev Fr. Ponthempilly Devassy Paul SJ | 06.01.2007 |
| 14. Rev. Fr. Jose G | 07.01.1998 |
| 15. Rev. Fr. Shaju William | 07.01.1998 |
| 16. Rev Fr. Kunnappallil Sunny Thomas SJ | 08.01.1994 |
| 17. Rev Fr. Kuzhimannil Roy Alex SJ | 10.01.1982 |
| 18. Rev. Fr. Augustine Kallunkal, S.J | 22.01.1947 |
| 19. Rev. Fr. Joseph Puzhakkara, OCD | 24.01.2011 |
| 20. Rev. Fr. Palathanadil Sabu SJ | 29.01.2005 |

**DECEASED PRIESTS**

| | |
|---|---|
| 1. Rev. Fr. Alphonse G. Fernandez | 02.01.1980 |
| 2. Rev. Fr. Andrew J. | 02.01.2009 |
| 3. Very Rev. Msgr. Mark Fernandez | 05.01.1970 |
| 4. Rev. Fr. Sebastian George | 24.01.1989 |
| 5. Rev. Fr. Varghese G. | 24.01.1978 |
| 6. Rev. Fr. Charles OCD | 31.01.1952 |

## LIST OF ARCHDIOCESAN HOLIDAYS - 2019

A. All Sundays and Second Saturdays

B. All Holidays declared by the Universal Church

C. The following days:

| | | |
|---|---|---|
| January | 01 | Solemnity of Mother of God |
| January | 26 | Republic Day |
| February | 02 | Episcopal Ordination Anniversary of Our Archbishop |
| March | 19 | Feast of St. Joseph (Archbishop's Patron's Feast day) |
| April | 18, 19, 20, 21 | Easter Triduum (Thursday, Friday, Saturday& Sunday) |
| May | 01 | Feast of St. Joseph the Worker |
| August | 15 | Solemnity of Assumption & Independence Day |
| September | 10,11,12 | Onam Holidays (Tuesday,Wednesday & Thursday) |
| October | 02 | Gandhi Jayanthi Day |





| | | |
|---|---|---|
| November | 01 or 02 | Afternoon - All Souls Day |
| November | 15 | Afternoon |
| November | 23 | Afternoon - Christ the King Feast |
| November | 25 | Feast of Bishop Christudas |
| December | 20 | Priestly Ordination Golden Jubilee of Our Archbishop |
| December | 23 - 26 | Christmas Holidays (Mon,Tue,Wed &Thu) |

**Rev. Dr. Edison YM**
Chancellor

Prot. No.2018/AB/001 02 January 2019

**DECREE ON CONSTITUTION OF THE NEW SENATE OF PRIESTS IN THE LATIN ARCHDIOCESE OF TRIVANDRUM**

Rev. Msgr/Very/Rev. and Dear Father,

By virtue of this Decree I do constitute the new Senate of Priests with the following members for the period 2019 – 2020 in conformity with Canons 495 - 501 and the Constitution of the Senate of the Priests (Revised 2018). The new Senate of Priests will come into existence on 01.01.2019.

**A. Ex- Officio Members**

1. Most. Rev. Dr. Soosa Pakiam M.
2. Most. Rev. Dr. Christudas R
3. Rev. Fr. Christil Rozario
4. Rev. Fr. Daisan Yesudas
5. Rev. Fr. Edison Y M
6. Rev. Fr. John A.R
7. Rev. Fr. Jose G
8. Rev. Fr. Judit Pious Lawrence
9. Rev. Fr. Laurence Culas
10. Rev. Fr. Lenin Fernandez
11. Rev. Fr. Lenin Raj
12. Rev. Fr. Michael Thomas
13. Rev. Fr. Shajin Jose A.
14. Rev. Fr. Tony Hamlet

**B. Elected Members**

15. Very Rev. Msgr. Joseph C.
16. Very Rev. Msgr. Eugine H. Pereira





17. Very Rev. Msgr. Wilfred E.
18. Very .Rev. Fr. Pancretius A.
19. Rev Fr.Thomas J. Netto
20. Rev. Fr. Hyacinth M. Nayakam
21. Very. Rev. Fr. Andrew Kosmos
22. Very Rev. Msgr. George Paul
23. Rev. Fr. Fredy Solomon
24. Very Rev. Msgr. Nicholas T.
25. Rev. Fr. Gladin Alex
26. Very Rev. Msgr. James Culas
27. Rev. Fr. Cleetus Vincent
28. Very .Rev. Fr Syrus B. Kalathil
29. Rev. Fr. Melkon J.
30. Rev. Fr. John Bosco J.

**C. Representatives of the Religious**

31. Thomas Thanniyil(Tom) CMF
32. Varghese John Puthengady sdb
33. Victor J. Everystus, IV Dei

Yours in Jesus and Mary,

ARCHBISHOP M. SOOSAPAKIAM TRIVANDRUM

Fr. Edison Y M
Chancellor

† Soosa Pakiam M.,
Archbishop of Trivandrum

**NB:** Enclosed find the list containing the results of the election to the Senate of Priests conducted on 18.12.2018. There were 96 Diocesan Priests voted, out of which six votes were invalid. Religious Priests chose their representation to the Senate.

## Metropolitan Tribunal News of Latin Archdiocese of Trivandrum
## December-2018

Number of Cases at the beginning of 2018 December - 224
Received Cases in the Month of December - 015

Total = 239

Decreed Cases - 05
Reconciled - 01

Total - 06

Balance Cases = 239-06 = 233

***Decreed Cases : 05***

1. Case No: MTLAT/12/2010 & 12/2012 between Alfin Fernandez and Dona D'Cruz.
2. Case No: MTLAT/50/2016 between Jerome Cruz and Agnes
3. Case No: MTLAT/43/2016 between Anitha and Davis George (Raju)
4. Case No: MTLAT/52/2014 between Reena and Marshal





## STATUS OF THE CASES AT THE END OF 2018

| | | |
|---|---|---|
| PENDING CASES AT THE END OF 2017 | - | 209 |
| RECEIVED 2018 | - | 104 |
| TOTAL | - | 313 |
| DECREED | - | 077 |
| CLOSED DUE TO NON CO-OP | - | 001 |
| RECONCILED | - 002 | |
| | - 003 | |
| | | 080 |

313 -
080

233

***BALANCE CASES AT THE END OF 2018 - 233***

**Fr. Jose G.**
Judicial Vicar

# ബിസിസി

## അതിരൂപതാതലം

1. **പരിശീലകർക്കുള്ള പരിശീലനം**

ഡിസംബർ മാസം 7, 8 തീയതികളിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇടവക കൗൺസിൽ അംഗങ്ങളെ പരിശീലിപ്പിക്കുവാനുള്ള പരിശീലകർക്കുള്ള പരിശീലനം നടത്തപ്പെടുകുയുണ്ടായി. ഇടവക അജപാലന സമിതി, ധനകാര്യ സമിതി, ആഡിറ്റിംഗ് സമിതി, വിവിധ ശുശ്രൂഷാ സമിതികൾ എന്നിവയെകുറിച്ചുള്ള ക്ലാസ് അതാത് ശുശ്രൂഷാ ഡയറക്ടർമാരും പ്രതിനിധികളും നൽകിയിരുന്നു. 9 ഫെറോനകളിൽ നിന്നും പങ്കെടുത്തു.

2. **ഇടവകകൗൺസിൽ അംഗങ്ങൾക്കായുള്ള ഫെറോനാതല പരിശീലനം**

9 ഫെറോനകളിലും വ്യത്യസ്തമായ തീയതികളിൽ ഡിസംബർ മാസത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇടവക അജപാലന സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുകയുണ്ടായി. പങ്കെടുത്തവർക്ക് ബി.സി.സി. മാർഗ്ഗരേഖ, ഇടവക അജപാലന സമിതി, ധനകാര്യ സമിതി എന്നിവയുടെ നിയമാവലി, അതാത് ശുശ്രൂഷയുടെ പഠനസഹായി, പങ്കാളിത്ത സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്തു. അതിരൂപതാ ബി.സി.സി. റിസോഴ്സ് ടീം പരിശീലന പ്രക്രിയകളെ നിരീക്ഷിക്കുകയും ആവശ്യാനുസരണം ക്ലാസുകൾ നയിക്കുകയും ചെയ്തു.





3. **ക്രിസ്തുമസ് ആഘോഷം**

ഡിസംബർ മാസം 17-ാം തീയതി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 10.30 ന് അഭിവന്ദ്യ സൂസപാക്യം മെത്രാപ്പൊലിത്തയുടെയും സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവിന്റെയും സാന്നിദ്ധ്യത്തിൽ ബിഷപ്പ്സ് ഹൗസിൽ ജോലി ചെയ്യുന്ന എല്ലാ സ്റ്റാഫുകളും ശുശ്രൂഷാ സമിതികളുടെ സ്റ്റാഫുകളും സംയുക്തമായി ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷിച്ചു. കളികളും ക്രിസ്തുമസ് ഗാനങ്ങളും ക്രിസ്തുമസ് അനുഭവങ്ങളും പങ്കുവയ്ക്കുകയും അഭിവന്ദ്യ മെത്രാപ്പൊലിത്ത ഹൃദ്യമായൊരു സന്ദേശം പങ്കുവച്ചുകൊണ്ട് എല്ലാവർക്കും ക്രിസ്തുമസ് സമ്മാനം നൽകുകയും ചെയ്തു. എല്ലാവരും ഒത്തൊരുമയോടെ ക്രിസ്തുനാഥന്റെ തിരുപ്പിറവി ആഘോഷിക്കുന്നതിന്റെ ഭാഗമായി സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

4. **ഹോം മിഷൻ പുനലൂർ രൂപതയിൽ**

തിരുവനന്തപുരം അതിരൂപതാ കോർഡിനേറ്റർ ഫാ. മൈക്കൾ തോമസിന്റെ നേതൃത്വത്തിൽ ഡിസംബർ മാസം 18-ാം തീയതി മുതൽ 23-ാം തീയതി വരെ പുനലൂർ രൂപതയിലെ പുത്തൂർക്കര ക്രിസ്തുരാജ ഇടവകയിൽ ഹോം മിഷൻ നടത്തുകയുണ്ടായി. തിരുവനന്തപുരം അതിരൂപതാ ഹോം മിഷൻ ടീമിലെ 15 സിസ്റ്റേഴ്സും പുനലൂർ രൂപതയിലെ 10 സിസ്റ്റർമാരും കൂടി സംയുക്തമായി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ചു ശുശ്രൂഷാടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചു. ഹോം മിഷനോടനുബന്ധിച്ച് യുവജന കുട്ടികൾ ദമ്പതിമാർ എന്നിവരുടെ സംഗമങ്ങൾ സംഘടിപ്പിച്ചു. പുനലൂർ

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സിൽവസ്റ്റർ പൊന്നുമുത്തൻ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമാപന ദിവ്യബലി അർപ്പിച്ചു.

## അഞ്ചുതെങ്ങ് ഫെറോന

**ഫെറോനതലം**

അഞ്ചുതെങ്ങ് ഫെറോനയിലെ എല്ലാ വിശ്വാസികളും ഓഖി ദുരിതത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് മാമ്പള്ളി, അഞ്ചുതെങ്ങ്, പൂത്തുറ, താഴംപള്ളി എന്നിവിടങ്ങളിലെ കടൽത്തീരത്ത് മനുഷ്യചങ്ങല നിർമ്മിച്ച് കടൽ നോക്കി, കടലിനെ ആശീർവദിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുകയുണ്ടായി. 5 മണി മുതൽ 8 മണി വരെ പ്രാർത്ഥന നീണ്ടു നിന്നു. മുതലപൊഴി തീരത്ത് ബഹു. ഫെറോനവികാരി ജോസഫ് ബാസ്ക്കരൻ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയ്ക്ക് ആരംഭം കുറിച്ചു.

ഡിസംബർ 7, 8 എന്നീ തീയതികളിൽ വെള്ളയമ്പലം ആനിമേറ്റർ സെന്ററിൽ നടത്തിയ രണ്ട് ദിവസത്തെ TOT ക്ലാസ്സിൽ അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും 7 പേര് അടങ്ങുന്ന ഒരു ടീം പങ്കെടുത്തു.

ഡിസംബർ 9-ാം തീയതി ശംഖുമുഖം തീരത്ത് വച്ച് നടത്തിയ സംസ്ഥാന സമുദായ സംഗമത്തിൽ അഞ്ചുതെങ്ങ് ഫെറോനയിലെ ജനങ്ങളുടെ സാന്നിദ്ധ്യം ഏറെ പ്രശംസനീയ മായിരുന്നു.

ഡിസംബർ 16-ാം തീയതി അഞ്ചുതെങ്ങ് ഫെറോനയിലെ എല്ലാ ഇടവകകളിലെ ബിസിസി തെരഞ്ഞെടുപ്പ് പൂർത്തിയാക്കി.

ഡിസംബർ 30-ാം തീയതി നവ പാരീഷ്കൗൺസിൽ അംഗങ്ങൾക്കായുള്ള പരിശീലന ക്ലാസ്സ് അരയതുരുത്തി പാരീഷ് ഹാളിൽ വച്ച് 2 മണി മുതൽ 4 വരെ നടത്തി.





**ഇടവകതലം:**

**അഞ്ചുതെങ്ങ്:** ഇടവകയിൽ ബിസിസി തെരഞ്ഞെടുപ്പിനോടനു ബന്ധിച്ച് 7 പേര് അടങ്ങുന്ന ഒരു ഇലക്ഷൻ സമിതി രൂപീകരിച്ചു. ഒരു ദിവസം 2 വാർഡ് വീതം തെരഞ്ഞെടുപ്പ് നടത്തി. ഡിസംബർ 2-ാം തീയതി പുതിയ പാരീഷ് കൗൺസിൽ രൂപീകരിച്ചു. മറ്റ് വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷത്തെ തെരഞ്ഞെടുപ്പിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തം സജീവമായിരുന്നു. രഹസ്യ ബാലറ്റിലൂടെയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

ഡിസംബർ 9-ാം തീയതി ജനറൽബോഡി കൂടി. രണ്ട് വർഷത്തെ കണക്ക് അവതരിപ്പിച്ചു.

ഡിസംബർ 23-ാം തീയതി 9 ക്ലബിനെ പങ്കെടുപ്പിച്ച് ക്രിസ്തുമസ്സ് കാർണിവൽ നടത്തുകയുണ്ടായി.

**ആറ്റിങ്ങൽ:** മൂന്നു യൂണിറ്റിലും കുടുംബകൂട്ടായ്മകൂടി. ക്രിസ്തുമസ്സ് ആഘോഷത്തോടനുബന്ധിച്ച് ഓരോ യൂണിറ്റിൽ നിന്നും പിരിഞ്ഞു കിട്ടുന്ന തുകകൊണ്ട് ഒരു രോഗിയെ സാമ്പത്തികമായി സഹായിക്കാൻ തീരുമാനിച്ചു.

ഇടവകയിൽ നിന്ന് തിയോളജി ക്ലാസ്സിൽ പങ്കെടുത്ത രണ്ട് പേരുടെ പഠനം പൂർത്തിയാക്കി. ഡിസംബർ 20-ാം തീയതി അഭിവന്ദ്യ സാസപാക്യം പിതാവിൽ നിന്ന് സർട്ടിഫിക്കറ്റും മൊമെന്റായും ഏറ്റുവാങ്ങി.

**ചമ്പാവ്:**

1. ഡിസംബർ 1-ാം തീയതി ദൈവാലയത്തിൽ ബൈബിൾ പ്രതിഷ്ഠിച്ചുകൊണ്ട് ബൈബിൾ പാരായണ മാസത്തിനു ഇടവകയിൽ തുടക്കം കുറിച്ചു.

2. നവംബർ 20-ാം തീയതി തുടങ്ങി ഡിസംബർ 3-ാം തീയതി വരെ ബിസിസി തെരഞ്ഞെടുപ്പ് നടന്നു. 5-ാം തീയതി പുതിയ പാരീഷ് കൗൺസിൽ രൂപീകരിച്ചു. ഫെറോന ആനിമേറ്റേഴ്സ് സന്നിഹിതരായിരുന്നു.

3. ക്രിസ്തുമസ്സിനോടനുബന്ധിച്ച് 10 യൂണിറ്റുകളേയും ഉൾപ്പെടുത്തി ഡിസംബർ 22-ാം തീയതി കരോൾ ഗാന മത്സരം നടത്തുകയുണ്ടായി. ആ ദിവസം തന്നെ 10 യൂണിറ്റുകളിൽ നിന്നും ഓരോ കുടുംബത്തെ വീതം നറുകിട്ടു തെരഞ്ഞെടുക്കുകയും "ഗോൾഡ് ഗിഫ്റ്റ് ലക്കി ഫാമിലി" എന്ന പേരിൽ സമ്മാനവും നല്കുകയുണ്ടായി.

4. ഡിസംബർ 23-ന് ഇടവകയും ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന സമിതിയും സംയുക്തമായി ഇടവക ചുറ്റി ക്രിസ്തുമസ്സ് വിളംബര റാലി നടത്തി.

**മാമ്പള്ളി:** നവംബർ 28-ാം തീയതി ബിസിസി തെരഞ്ഞെടുപ്പ് കോഡിനേറ്ററിന്റെയും അഞ്ചുപേര് അടങ്ങിയ ഒരു ടീമിന്റെ നേതൃത്വത്തിൽ നടന്നു.

ഡിസംബർ 9-ാം തീയതി ബഹു.വികാരി അച്ചന്റെയും ഫെറോന ആനിമേറ്റർമാരുടെയും നേതൃത്വത്തിൽ പുതിയ പാരീഷ് കൗൺസിൽ രൂപീകരിച്ചു. ഫെറോന ആനിമേറ്റേഴ്സും കൗൺസിൽ രൂപീകരണത്തിൽ പങ്കെടുത്തു.

ഡിസംബർ 28-ാം തീയതി ഡീക്കൻ മേഴ്സൺ ആന്റണി അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിൽനിന്ന് തിരുപട്ടം സ്വീകരിച്ചു.

**പൂത്തുറ**: ഡിസംബർ 10 മുതൽ 14 വരെ ബിസിസി തെരഞ്ഞെടുപ്പ് വികാരി അച്ചന്റെ നേതൃത്വത്തിൽ നടന്നു. തെരഞ്ഞെടുപ്പിൽ സുപ്പീരിയറും കോഡിനേറ്ററും സെക്രട്ടറിയും റിസോഴ്സ് ടീമും സന്നിഹിതരായിരുന്നു.





**താഴംപള്ളി:**

ഡിസംബർ 10,11,13, 14 തീയതികളിൽ വികാരിയച്ചന്റെ യൂണിറ്റുകളിൽ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് നടത്തി. ഡിസംബർ 15-ാം തീയതി വൈകുന്നേരം 5.30 പുതിയ പാരീഷ് കൗൺസിൽ രൂപീകരിച്ചു.

**വെന്നികോട്:** ഡിസംബർ 2-ാം തീയതി ജനറൽ ബോഡി കൂടി. അന്ന് വൈകുന്നേരം മരിയ ഗൊരെത്തി യൂണിറ്റിന്റെ തെരഞ്ഞെടുപ്പ് ബഹു. ജീസനച്ചന്റെ നേതൃത്വത്തിൽ നടന്നു. മറ്റ് യൂണിറ്റുകളുടെ തെരഞ്ഞെടുപ്പ് ഡിസംബർ 16-ാം തീയതി പൂർത്തിയാക്കി.

ഡിസംബർ 23-ാം തീയതി പുതിയ പാരീഷ്കൗൺസിൽ രൂപീകരിച്ചു.

**ഫാ. ബിജിൻ** — **സി. ജനറ്റ് റോച്ച**

കോഓർഡിനേറ്റർ — ആനിമേറ്റർ

## ~~പുതുക്കുറിച്ചി ഫെറോന~~

പുതുക്കുറിച്ചി ഫെറോനയിൽ എല്ലാ ഇടവകകളിലും ബിസിസി ഇലക്ഷൻ നടന്നു. പുതിയ ഒരു നേതൃത്വം തെരഞ്ഞെടുക്കപ്പെട്ടു. അതിരൂപത സംഘടിപ്പിച്ച TOT ക്ലാസ്സിൽ ഫെറോനയിൽ നിന്ന് 7 പേർ പങ്കെടുത്തു. 15-12-18-ൽ ബഹുമാനപ്പെട്ട ഫെറോനവികാരി മോൺ. വിൽഫ്രഡിന്റെ നേതൃത്വത്തിൽ ഫെറോനയിൽവച്ച് നടത്തേണ്ട പരിശീലന ക്ലാസ്സിനെക്കുറിച്ച് ചർച്ച ചെയ്യുകയും 22-ാം തീയതി പുത്തൻതോപ്പിൽ വച്ച് നടത്താനും തീരുമാനിച്ചു. ഈ പരിശീലന ക്ലാസിൽ എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്തം ഉണ്ടാകണമെന്ന് തീരുമാനിച്ചു. അതിൻപ്രകാരം 22-ാം തീയതി ഉച്ചക്കഴിഞ്ഞ് 2 മണിക്ക് പുത്തൻതോപ്പ് ഇടവകയിൽ വച്ച് നടന്ന പരിശീലന കളരിയിൽ 11 ഇടവകകളിൽ നിന്നും 187 പേർ പങ്കെടുത്തു.

പ്രസ്തുത പരിശീലനക്കളരിയിൽ ഫെറോനവികാരി ഈ പരിശീലനത്തിന്റെ പ്രസക്തിയെ ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ആമുഖപ്രസംഗം ഫാ.ജെറോം അൽഫോൺസ്, ഫാ.ലെനിൻ ഫെർണാണ്ടസ്, ഫാ. ഡേവിഡ്സൺ, ഫാ.ഷാജിൻ ജോസ്, ഫാ. ആഷ്‌ലിൻ ജോസ് എന്നിവർ വിവിധ ശുശ്രൂഷകളെപ്പറ്റി അർത്ഥവത്തായ രീതിയിൽ ലളിതമായി ക്ലാസുകൾ കൈകാര്യം ചെയ്തു. ഫാ.ഡാനിയേൽ എല്ലാവർക്കും സ്വാഗതവും സി.മേരി ഹെലൻ കൃതജ്ഞതയും അർപ്പിച്ചു. പരിശീലനക്ലാസിന്റെ നിരീക്ഷണത്തിനായി അതിരൂപതയിൽ നിന്ന് ബിസിസി ജോയിന്റ് ഡയറക്ടർ ബഹു.സുരേഷ് പയസ് അച്ചൻ സന്നിഹിതനായിരുന്നു. ഈ ക്ലാസിൽ 187 പേർ പങ്കെടുത്തു.

**ഫാ. ആഷ്‌ലിൻ ജോസ്** — **സി. മേരി ഹെലൻ**

കോഓർഡിനേറ്റർ — ആനിമേറ്റർ

**പേട്ട ഫെറോന**

പേട്ട ഫെറോനയിലെ ഇടവകകളിൽ ഡിസംബർ മാസത്തെ പ്രത്യേക പ്രവർത്തനങ്ങൾ ബിസിസികളിലേക്ക് 2019-20 കാലയളവിലേക്കുള്ള തെരഞ്ഞെടുപ്പും, ക്രിസ്മസ് ആഘോഷവുമായിരുന്നു. ഇടവക അജപാലന സമിതിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടവർക്കായി 16-12-18-ൽ കുമാരപുരം വിശുദ്ധ പത്താം പിയൂസ് ദേവാലയത്തിൽ വച്ച് പരിശീലന ക്ലാസ്സും നല്കി.

**പുല്ലുകാട് അമലോത്ഭവ ദേവാലയം:** ഡിസംബർ മാസം 8-ാം തീയതി ദേവാലയത്തിരുന്നാളും, സ്നേഹവിരുന്നും നടത്തി. ക്രിസ്മസ് കരോൾ നടത്തി.

**മൺവിള വിശുദ്ധ കൊച്ചുത്രേസ്യ ദേവാലയം**: ബിസിസി യൂണിറ്റുകളിൽ വാർഷികാഘോഷം, കലാപരിപാടികളോടെ വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ഡിസംബർ 8-ാം





തീയതി ബിസിസിയുടെ നേതൃത്വത്തിൽ വല്ലാർപാടം പള്ളിയിലേക്കു തീർത്ഥയാത്ര നടത്തി. അഭിവന്ദ്യ പിതാവിന്റെ ഇടവക സന്ദർശനം ഡിസംബർ 2-ാം തീയതിയായിരുന്നു. 30 കുട്ടികൾ സ്ഥൈര്യലേപനകൂദാശ സ്വീകരിച്ചു.

**ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ** ദേവാലയത്തിൽ തെരഞ്ഞെടുക്കപ്പെട്ട അജപാലനസമിതി അംഗങ്ങൾ പരിശീലന ത്തിൽ പങ്കെടുത്തു. കെസിവൈഎം ന്റെ നേതൃത്വത്തിൽ യൂണിറ്റുക ളിലും, വിവിധ മതസ്ഥരുടെ ഭവനങ്ങളിലും ക്രിസ്മസ് കരോൾ നടത്തി.

**വികാസ്നഗർ സെന്റ് ജോസഫ്സ് ദേവാലയത്തിൽ** ഡിസംബർ മാസം ബൈബിൾ മാസാചരണങ്ങളായി ആചരിച്ചു. പുതിയ പള്ളി പണിയുന്നതിനു തുടക്കമായി, പഴയ പള്ളിയുടെ ഒരു ഭാഗം ആരാധനയ്ക്കായി സജ്ജമാക്കി. യൂണിറ്റുകളിൽ ക്രിസ്മസ് കരോൾ ആഘോഷിച്ചു. ഡിസംബർ 23-ാം തീയതി മതബോധന വിദ്യാർത്ഥികൾക്കായി ക്രിസ്മസ് ആഘോഷവും സമ്മാന കൈമാറ്റവും നടത്തി.

**ചെറുവയ്ക്കൽ വേളാങ്കണ്ണിമാതാ ദേവാലയത്തിൽ** തെരഞ്ഞെടുക്കപ്പെട്ട ഇടവകകൗൺസിൽ അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. എല്ലാ യൂണിറ്റുകളും സംയുക്തമായി ക്രിസ്മസ് ആഘോഷിച്ചു. വിവിധ മതസ്ഥരുടെ ഭവനങ്ങൾ സന്ദർശിച്ചു ക്രിസ്മസ് കരോൾ നടത്തി.

**മുട്ടട ഹോളിക്രോസ് ദേവാലയത്തിൽ** പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഇടവക അജപാലന സമിതിയംഗങ്ങൾ കുമാരപുരത്തു നടന്ന പരിശീലനത്തിലും പങ്കെടുത്തു. ഇടവകാതലത്തിൽ 23-12-18-ൽ ഒരു പരിശീലന ക്ലാസ്സും നടത്തി. എല്ലാ ഇടവക കൗൺസിൽ അംഗങ്ങൾക്കും യൂണിറ്റ് ഭാരവാഹികൾക്കും ശുശ്രൂഷാപ്രതിനിധികൾക്കുമായി ചിത്രരചനാ മത്സരവിജയികൾക്ക്

സമുദായദിനത്തിൽ സമ്മാനദാനം നടത്തി.

**കുന്നുംപുറം നിത്യസഹായമാതാ ദേവാലയത്തിൽ** ബിസിസി വാർഡുതല യോഗം നടന്നു. ബിസിസിയുടെ നേതൃത്വത്തിൽ മാസംതോറുമുള്ള ആരാധനയും, വചനപ്രഘോഷണവും നടന്നു. ക്രിസ്മസ് കരോളും നടത്തി.

**കുശവൽക്കൽ:** ലിറ്റിൽഫ്ളവർ ദേവാലയത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ പരിശീലനവും നേടി. ക്രിസ്മസ് കരോൾ നടത്തി.

**പോങ്ങുംമൂട് സെന്റ് മേരീസ് ദേവാലയത്തിൽ** തെരഞ്ഞെടുക്കപ്പെട്ട ഇടവക അജപാലന സമിതി അംഗങ്ങൾ എല്ലാവരും പരിശീലനത്തിൽ പങ്കെടുത്തു. ക്രിസ്മസ് കരോൾ ഡിസംബർ 10 മുതൽ 18 വരെ യൂണിറ്റുകളിൽ നടന്നു. 23-ാം തീയതി യൂണിറ്റുതലത്തിൽ കരോൾ മത്സരവും അതിനുശേഷം സ്നേഹവിരുന്നും നടത്തുന്നു.

**പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ദേവാലയം:** തെരഞ്ഞെടുപ്പും പരിശീലനവും കഴിഞ്ഞു, യൂണിറ്റുകളിൽ ക്രിസ്മസ് ആഘോഷവും നടന്നു.

**കുമാരപുരം പത്താം പീയൂസ് ദേവാലയത്തിൽ** തെരഞ്ഞെടുപ്പും, ലീഡേഴ്സിന്റെ പരിശീലനവും കഴിഞ്ഞു. സെന്റ് ജൂഡ് ബിസിസി യൂണിറ്റിലെ അംഗമായ സോണിയുടെ അമ്മയ്ക്ക് ക്യാൻസർ ചികിത്സാ സഹായമായി 20,000 രൂപ നല്കി. വികാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ എല്ലാ യൂണിറ്റുകളിലും ക്രിസ്മസ് ആഘോഷം നടന്നു. ക്രിസ്മസ് കരോളിൽ നിന്നും ലഭിച്ച തുക രോഗികൾക്കായി നടത്തുന്ന ആശ്രയഭവനത്തിന്റെ നവീകരണത്തിനായി വിനിയോഗിക്കും. ബിസിസികളുടെ നേതൃത്വത്തിൽ ക്രിസ്മസിനു ലേലം നടത്തി സമാഹരിക്കുന്ന തുക മിഷൻ സൺഡേ കളക്ഷനോടു ചേർത്തു അതിരൂപതയ്ക്കു നല്കും.

**പേട്ട സെന്റ് ആൻസ് ഫെറോനാ ദേവാലയത്തിൽ** രഹസ്യബാലറ്റിലൂടെ പുതിയ നേതൃത്വം തെരഞ്ഞെടുക്കപ്പെട്ടു. ഇടവക അജപാലന സമിതിയംഗങ്ങൾ പരിശീലനത്തിലും പങ്കെടുത്തു. ബിസിസി യൂണിറ്റുതലത്തിലാണ് ക്രിസ്മസ് ആഘോഷിക്കുന്നത്. പേട്ടയുടെ സബ് സ്റ്റേഷൻ കാരാളി സെന്റ് ജോസഫ്സ് ദേവാലയം പുനർനിർമ്മാണം കഴിഞ്ഞു. 16-12-18-ൽ അഭിവന്ദ്യ സൂസപാക്യം പിതാവ് പള്ളി ആശീർവദിച്ചു. സ്നേഹവിരുന്നുമുണ്ടായിരുന്നു. 23-ാം തീയതി രാവിലെ 8.30 മണിക്ക് തിരു.സഹായമെത്രാൻ ക്രിസ്തുദാസ് പിതാവ് ഈ ദേവാലയത്തിൽ ബലിയർപ്പിച്ചു.

**ആഗ്നസ് ബാബു**

## കഴക്കൂട്ടം ഫെറോന

**ഫെറോനതലം**

പുതുതായി തെരഞ്ഞെടുക്കപ്പെട്ട പാരീഷ് കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലന ക്ലാസ് ഡിസംബർ 16-ന് കഴക്കൂട്ടം പാരീഷ് ഹാളിൽ വച്ച് ഫെറോനവികാരി മോൺ. ജോർജ്ജ്പോൾ ഉത്ഘാടനം ചെയ്തു. ഫെറോനയിലെ എല്ലാ വൈദികരുടെയും സാന്നിധ്യം ഉണ്ടായിരുന്നു. ഫെറോനയിലെ ഏഴ് ഇടവകകളിൽ നിന്നും 3 സബ്ബ് സ്റ്റേഷനുകളിൽ നിന്നുമായ് 152 പേർ പരിശീലന ക്ലാസിൽ പങ്കെടുത്തു. അതിരൂപത തയ്യാറാക്കിയ 9 പഠനസഹായികളുടെ അടിസ്ഥാനത്തിൽ റവ.ഫാ.തോമസ് നെറ്റോ, റവ.ഫാ.ഏ.ആർ.ജോൺ, ശ്രീ. ഫ്രഡറിക് റ്റി.പെരേര, ശ്രീ.വൈ.ജോൺ, ശ്രീ.ക്ലമന്റ് ഫർണാണ്ടസ് ശ്രീമതി ജൂലിയറ്റ് പോൾ, ശ്രീമതി മേഴ്സി ഡാൽബി എന്നിവർ ക്ലാസുകൾ നയിച്ചു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റും, ബിസിസി മാർഗ്ഗരേഖയും, പാരീഷ്കൗൺസിൽ നിയമാവലിയും, പഠനസഹായിയും നല്കുകയുണ്ടായി. ഒപ്പം ഫെറോനയിലെ എല്ലാ ശുശ്രൂഷാസമിതി

അംഗങ്ങൾക്കും അതാത് ശുശ്രൂഷാസമിതി പഠനസഹായിയും നല്കി. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇത്തവണ സബ്സ്റ്റേഷനുകളിൽ ശുശ്രൂഷസമിതി കൗൺസിൽ അംഗങ്ങൾക്കൂടി കൗൺസിലിൽ വരുന്നതുവഴി ഫെറോനതല പ്രവർത്തനങ്ങൾ കൂടുതൽ സജ്ജീവമാകുമെന്ന ശുഭ പ്രതീക്ഷ നല്കുന്നു. നിലവിലെ ഫെറോനസമിതിക്ക് എട്ടുമാസം മാത്രമേ പ്രവർത്തിക്കാൻ സാധിച്ചുള്ളൂ. പുതിയ ഫെറോനസമിതി കൂടുതൽ ഉത്തരവാദിത്വത്തോടെ കൂടുതൽ ഉയരങ്ങളിൽ എത്തുമെന്നു പ്രതീക്ഷിക്കുന്നു.

**ഇടവകതലം**

**ഫാത്തിമമാതാ കഴക്കൂട്ടം:** ഏറെ വർഷത്തെ കാത്തിരിപ്പിനുശേഷം ഇടവകയിൽ യൂണിറ്റ് വിഭജനം വിജയകരമായ് നടന്നു. 7 യൂണിറ്റിൽ നിന്നും 10 യൂണിറ്റിലേക്ക് ഇടവക എത്തി. ഒപ്പം 10 യൂണിറ്റുകളിലും തെരഞ്ഞെടുപ്പും നടന്നു. കൗൺസിൽ അംഗങ്ങൾ ഫെറോന ഒരുക്കിയ പരിശീലന ക്ലാസ്സുകളിലും പങ്കെടുത്തു. ക്രിസ്തുമസ് ഒരുക്കങ്ങൾ നടക്കുന്നു. കരോൾ, പുൽക്കൂട് മത്സരം, ക്രിസ്തുമസ് റാലി, ഇടവക ദിനാഘോഷം എന്നിവ ക്രിസ്തുമസ് അവധിക്കാലത്ത് നടത്തി. ഇടവക അംഗങ്ങളുടെ സഹായത്തോടെ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി നാനാ-ജാതി മതസ്ഥരായ 50 കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റും, 5 പേർക്ക് തയ്യൽമെഷീനും വിതരണം ചെയ്തു.

**സെന്റ് ജോസഫ് കഴക്കൂട്ടം**: എല്ലാ യൂണിറ്റിലും തെരഞ്ഞെടുപ്പു നടന്നു. കൗൺസിൽ അംഗങ്ങൾ പരിശീനലന ക്ലാസിലും പങ്കെടുത്തു. ക്രിസ്തുമസ്-പുതുവർഷം സമുചിതമായി ആഘോഷിച്ചു.





**മുരുക്കുംപുഴ:** തെരഞ്ഞെടുപ്പു എല്ലാ യൂണിറ്റിലും നടന്നു ഒപ്പം ശുശ്രൂഷസമിതി കൺവീനർമാരെയും തെരഞ്ഞെടുത്തു. പുതിയ കൗൺസിൽ അംഗങ്ങൾ പരിശീലന ക്ലാസിലും പങ്കെടുത്തു. ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായ് യുവജനങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ കരോൾ നടന്നു. ഒപ്പം യൂണിറ്റ്തലത്തിൽ വിവിധ മത്സരങ്ങളും ഫുഡ് ഫെസ്റ്റും സംഘടിപ്പിച്ചു.

**തുണ്ടത്തിൽ:** എല്ലാ യൂണിറ്റിലും തെരഞ്ഞെടുപ്പു നടന്നു. ശുശ്രൂഷസമിതി തെരഞ്ഞെടുപ്പും കഴിഞ്ഞു. കൗൺസിൽ അംഗങ്ങൾ പരിശീലന ക്ലാസിലും പങ്കെടുത്തു. ക്രിസ്തുമസ് പുതുവർഷ ആഘോഷ ഒരുക്കങ്ങൾ നടക്കുന്നു.

**കാര്യവട്ടം:** നവനേതൃത്വതെരഞ്ഞെടുപ്പും കൗൺസിൽ അംഗങ്ങൾക്കുള്ള പരിശീലനവും കഴിഞ്ഞു. ഇടവകവികാരിയുടെ നേതൃത്വത്തിൽ ക്രിസ്തുമസ് ഒരുക്കമായുള്ള കരോൾ എല്ലാ ഭവനങ്ങളിലും നടത്തി.

**ഫാ. തോമസ് നെറ്റോ** — **ഫ്രഡറിക് പെരേര**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

അതിരൂപതാ ജോയിന്റ് ആനിമേറ്റേഴ്സ് മീറ്റിംഗ് ഡിസംബർ 5-ാം തീയതി ബഹുമാനപ്പെട്ട മൈക്കിൾ അച്ചന്റെ നേതൃത്വത്തിൽ നടന്നു. 7,8 തീയതികളിൽ അതിരൂപത നടത്തിയ TOT പ്രോഗ്രാമിൽ ഫെറോനയിൽ നിന്ന് 6 പേർ പങ്കെടുത്തു. ബഹു.സൂസപാക്യം പിതാവിന്റെ അദ്ധ്യക്ഷതയിൽ ക്രിസ്തുമസ് ആഘോഷിക്കുകയും ക്രിസ്തുമസ് സമ്മാനങ്ങൾ നല്കുകയും ചെയ്തു. ഫെറോനതലത്തിൽ 16-ാം തീയതി ബഹുമാനപ്പെട്ട എഡിസൺ

അച്ചന്റെ നേതൃത്വത്തിൽ ഇടവക കൗൺസിൽ അംഗങ്ങൾക്ക് നല്കിയ ക്ലാസ്സിൽ 190 പേർ പങ്കെടുത്തു തുടർന്ന് സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തു. ഇതിൽ പങ്കെടുക്കാൻ സാധിക്കാത്ത 13 പേരിൽ 11 പേർ 22-ാം തീയതി പാളയം ഫെറോന സംഘടിപ്പിച്ച ക്ലാസ്സിൽ പങ്കെടുത്തു. തുടർന്നുള്ള 2 പേർ ജനുവരി 12-ാം തീയതി രൂപത നടത്തുന്ന ക്ലാസിൽ പങ്കെടുക്കുന്നതായിരിക്കും. ഫെറോന കൗൺസിൽ രൂപീകരണം ജനുവരി 6-ന് വലിയതുറ ഫെറോന സെന്ററിൽ ബഹു. സൈറസ് അച്ചന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. 2019-2020 -തെരഞ്ഞെടുപ്പ് ഭംഗിയായി നടത്തുകയും ഒപ്പം അതിരൂപത ഫെറോന ടീമിന്റെ സഹായത്തോടെ തെരഞ്ഞെടുപ്പ് നടന്ന ഇടവകളും ഉണ്ടായിരുന്നു.

**ഫാ. ലാസർ ബെനഡിക്ട്** — **സി. എം. ഹേമ**

കോഓർഡിനേറ്റർ — ആനിമേറ്റർ

**~~കോവളം ഫെറോന~~**

ഫെറോനാ ബിസിസി കമ്മീഷൻ യോഗം 16-12-18-ൽ ബഹുമാനപ്പെട്ട സനീഷ് അച്ചന്റെ നേതൃത്വത്തിൽ ആഴാകുളം ഇടവകയിൽ വച്ച് നടന്നു. വിഴിഞ്ഞം, ആഴാകുളം, കാക്കാമൂല, പുന്നമൂട്, പരുത്തികുഴി, ഇടയാർ, പാലപ്പൂര് എന്നീ ഇടവകകളുടെ പങ്കാളിത്വം ഉണ്ടായിരുന്നു. കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തന ങ്ങൾ വിലയിരുത്തി. പരസ്പരം നന്ദിയും, അഭിനന്ദനങ്ങളും അർപ്പിച്ചു. പോരായ്മകളെ നിറവുകളാക്കി വീണ്ടും നാം ആയിരിക്കുന്ന ഇടവക ശുശ്രൂഷാ സമിതകളിൽ ആത്മാർത്ഥമായും. സ്നേഹത്തോടും, കരുതലോടും കൂടി പ്രവർത്തിക്കണമെന്ന് ബഹുമാനപ്പെട്ട അച്ചനും, സിസ്റ്ററും പറഞ്ഞു. എല്ലാ കോർഡിനേറ്റർ മാർക്കും സി.ആനിമേറ്റേഴ്സിനും അച്ചൻ നന്ദി അർപ്പിച്ചു. ക്രിസ്തുമസ്സ് ആശംസകളും ക്രിസ്തുമസ്സ് സമ്മാനങ്ങളും പരസ്പരം





കൈമാറി. സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.

ഇടവകകളിൽ നവനേതൃത്വം വളരെ ഒരുക്കത്തോടുകൂടി നടന്നു. ഒന്ന് രണ്ട് ഇടവകകളിൽ തിരുന്നാളിനോടനുബന്ധിച്ച് നിശ്ചിത ദിവസങ്ങളിൽ നടത്തുവാൻ സാധിച്ചില്ല. മറ്റ് ഇടവകകളിൽ തെരഞ്ഞെടുപ്പ് ഭംഗിയായി നടന്നു. പൂന്തുറ, പരുത്തിക്കുഴി, ഇടയാർ ഇടവകകളിലെ തെരഞ്ഞെടുക്കപ്പെട്ട പാരീഷ് കൗൺസിൽ അംഗങ്ങൾക്കായുള്ള ക്ലാസ്സ് 16-ാം തീയതി പൂന്തുറയിൽ വച്ച് നടന്നു. എല്ലാ അംഗങ്ങളും പങ്കെടുത്തു. 22-ാം തീയതി ശനിയാഴ്ച ബാക്കി ഇടവകയിലെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പൂങ്കുളത്തുവച്ച് ക്ലാസ്സ് നടത്തപ്പെട്ടു.

**പുന്നമൂട്:** ബിസിസി യോഗവും, രോഗീസന്ദർശനവും കൃത്യമായി നടക്കുന്നു. ഇടവക തിരുനാൾ വളരെ ഭക്തിപൂർവ്വം നടന്നു. യൂണിറ്റുകളുടെ സാന്നിധ്യം അഭിനന്ദനാർഹമാണ്. യൂണിറ്റുകളിൽ തെരഞ്ഞെടുപ്പ് ഒരുക്ക ക്ലാസ്സ് നടന്നു. തെരഞ്ഞെടുപ്പ് നിശ്ചിത സമയത്ത് ഇലക്ഷൻ ടീമിന്റെ സാന്നിധ്യത്തിൽ യൂണിറ്റുകളിൽ വച്ച് നടന്നു. ഫെറോനയിൽ സംഘടിപ്പിച്ച ക്ലാസ്സിൽ ഇടവകയുടെ സാന്നിധ്യം ഉണ്ടായിരുന്നു. ഇടവകയലിൽ ബൈബിൾ പാരായണം നടന്നുവരുന്നു. ഓരോ കുടുംബവും നേതൃത്വം നല്കുന്നു.

**കാക്കാമൂല:** ജനറൽബോഡി യോഗം കൂടി. രണ്ട് വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി ബിസിസി സംഗമം നടത്തി. നവനേതൃത്വത്തിന് നല്കാൻ ചില നിർദ്ദേശങ്ങൾ നല്കി. ഇലക്ഷൻ കമ്മീഷനെ തെരഞ്ഞെടുത്തു. അവർ ഫെറോനയിൽ നടത്തിയ ക്ലാസ്സിൽ പങ്കെടുത്തു. നവംബർ 27-ന് യൂണിറ്റ് തെരഞ്ഞെടുപ്പും ഡിസംബർ മൂന്നിന് പാരീഷ് കൗൺസിൽ തെരഞ്ഞെടുപ്പും നടന്നു. കരോൾ 9-ാം തീയതി മുതൽ നടന്നു.

**ആഴാകുളം:** ഇടവക തിരുന്നാളിനോടനുബന്ധിച്ച് ധ്യാനം നടന്നു.

തിരുന്നാൾ ദിവ്യബലിയ്ക്ക് യൂണിറ്റ് അംഗങ്ങൾ നേതൃത്വം നല്കി. ക്രിസ്തുമസ്സ് കരോൾ നടന്നുവരുന്നു.

**പരുത്തിക്കുഴി:** യൂണിറ്റ് യോഗങ്ങൾ നടന്നു. യൂണിറ്റ് തെരഞ്ഞെടുപ്പ് നടക്കുകയും, പുതിയ കൗൺസിൽ അംഗങ്ങൾ പൂന്തുറയിൽ വച്ച് നടന്ന ക്ലാസ്സിൽ പങ്കെടുത്തു. സമുദായദിനത്തിൽ ഇടവകാംഗങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നു.

**കാരയ്ക്കാമണ്ഡപം:** തെരഞ്ഞെടുപ്പ് ക്ലാസ്സിൽ വികാരിയച്ചനും, സിസ്റ്ററും കോർഡിനേറ്ററും പങ്കെടുത്തു. ഇവർ ഇടവക തെരഞ്ഞെടുപ്പിന് നേതൃത്വം നല്കി. കരോൾ വികാരിയച്ചന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. സനീഷ്** — **സി.ജമിനി ഏലിയാസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോനയിലെ എല്ലാ ഇടവകകളിലും യൂണിറ്റുതലത്തിലുള്ള പുതിയ നേതൃത്വത്തിന്റെ തെരഞ്ഞെടുപ്പു നടന്നു. ഇടവക കൗൺസിലുകൾ രൂപീകരിച്ചു. ഹോം മിഷൻ ടീമിന്റെ സഹായത്തോടെയാണ് പല ഇടവകകളിലും തെരഞ്ഞെടുപ്പു നടത്തിയതും. പുതിയ അജപാലന സമിതി അംഗങ്ങൾക്കായുള്ള പരിശീലനം 3 സെന്ററുകളിലായി നടത്തി. ഡിസംബർ 28-ാം തീയതി പരുത്തിയൂർ, കൊല്ലങ്കോട് ഇടവകകൾക്കുള്ള ക്ലാസ് കൊല്ലംങ്കോട് സെന്റ് മാത്യൂസ് ഹൈസ്കൂളിൽ വച്ച് മറ്റ് 6 ഇടവകകൾക്ക് 29-ാം തീയതി പുല്ലുവിള ഹയർസെക്കന്ററി സ്കൂളിൽവച്ചു ബാക്കി 6 ഇടവകകൾക്കും 30-ാം തീയതി കരിങ്കുളത്തു വെച്ചും 2 മണി മുതൽ 5 മണി വരെ നടത്തി.





അതിരൂപത ശുശ്രൂഷ കോർഡിനേറ്റർ ഫാ.മൈക്കിൾ തോമസും ബിസിസി അസി.ഡയറക്ടർ ഫാ. സുരേഷ് പയസ്സും ഫെറോന റിസോഴ്സ് അംഗങ്ങളും ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ഫെറോന ബിസിസി കോർഡിനേറ്റർ ഫാ.നിജു, വിദ്യാഭ്യാസ ആനിമേറ്റർ, ബിസിസി ആനിമേറ്റർ എന്നിവർ ക്ലാസ്സുകൾ നടത്തുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ നല്കി.

**ഫാ.നിജു** — **മേരികുട്ടി**
കോഓർഡിനേറ്റർ — ആനിമേറ്റർ

# അജപാലനശുശ്രൂഷ

## കഴക്കൂട്ടം ഫെറോന

ഡിസംബർമാസം 22-ാം തീയതി അദ്ധ്യാപകർക്കുള്ള ധ്യാനം കഴക്കൂട്ടം ഫെറോനസെന്ററിൽ വച്ച് രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരുന്നു. അന്നേ ദിവസം ഉച്ചയ്ക്കുശേഷം മതബോധന ജനറൽബോഡിയും തുടർന്ന് ക്രിസ്തുമസ്സ് പരിപാടിയും നടത്തിയിരുന്നു.

**ഫാ. ജോസഫ് എൽക്കിൻ** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

പൂന്തുറ ഇടവകയിൽ മതബോധന അധ്യാപകരുടെ ഒരു യോഗം കൂടി. ക്രിസ്മസ്സ് ആഘോഷങ്ങൾ ആരംഭിക്കാനും വിദ്യാർത്ഥികളെ അതിൽ ഉൾപ്പെടുത്തുവാനും ചർച്ചകൾ ക്രമീകരിച്ചു.

**ഷൈജ ആന്റണി**
ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന അജപാലന ശുശ്രൂഷാസമിതിയോഗം 7-12-18-ൽ പൂവാർ ഇടവകയിൽ വച്ച് കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രസ്തുത യോഗത്തിൽ കഴിഞ്ഞ യോഗതീരുമാനമനുസരിച്ച് മലങ്കര, മാർത്തോമ, സി.എസ്.ഐ. സഭകളിലെ അംഗങ്ങളെ കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് സംഘടിപ്പിക്കുന്ന "സഭ ഐക്യക്രിസ്തുമസ് സംഗമത്തിന്റെ ക്രമീകരണങ്ങളും വിലയിരുത്തൽ നടത്തി.





**സഭ ഐക്യ ക്രിസ്തുമസ് സംഗമം**

22-12-18-ൽ കരുംകുളം സൗഹൃദം കമ്മ്യൂണിറ്റിഹാളിൽവച്ച് വിവിധ സഭകളായ മലങ്കര, മാർത്തോമ, സി.എസ്.ഐ എന്നീ സഭകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സംഘടിപ്പിച്ച ക്രിസ്തുമസ് ഐക്യ സംഗമത്തിൽ തിരുപിറവിയുടെ സന്ദേശം വിളിച്ചറിയിക്കുന്ന വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ''തിരുപിറവി പ്രതീക്ഷയുടെ ഉത്സവം" എന്നതായിരുന്നു ഈ സംഗമത്തിന്റെ പ്രധാന വിഷയം. അതിരൂപതാ സഹായ മെത്രാൻ റൈറ്റ് റവ.ഡോ.ക്രിസ്തുദാസ് ഉത്ഘാടനം നിർവഹിച്ചു. യോഗത്തിൽ ഏകലവ്യ ആശ്രമ അധിപൻ സ്വാമി അശ്വതി തിരുനാൾ മുഖ്യ ക്രിസ്മസ് പ്രഭാഷണം നടത്തി. ഇതിനോടൊപ്പം ഫെറോന വികാരി അദ്ധ്യക്ഷപദം അലങ്കരിച്ച സമ്മേളനത്തിൽ ഫാ. ശാന്തപ്പൻ, ഫാ.ജെറോം ഫെർണാണ്ടസ്, ഫാ.ഷാബിൻ എന്നിവരും മറ്റ് സഭകളിൽ നിന്നും ഫാ.തോമസ് പ്രശാന്ത്, ഫാ. സത്യ സന്തോഷ്കുമാർ, ഫാ. ജാക്സൻ എന്നിവരുടെ ആശംസകളും ഉണ്ടായിരുന്നു. കൂടാതെ വിവിധ ഇടവകകളുടെ ക്രിസ്മസിനോടനുബന്ധിച്ചുള്ള കലാപരിപാടികളും, ഉണ്ടായിരുന്നു. 400 അംഗങ്ങൾ പങ്കെടുത്ത പരിപാടി വളരെ ഭംഗിയായി സംഘടിപ്പിക്കുന്നതിന് കഴിഞ്ഞു.

എല്ലാ ഇടകകളുടെ സി.ആനിമേറ്റർമാർ അജപാലന സമിതി കൺവീനിയേഴ്സ് എന്നിവരുടെ സഹകരണം പ്രസ്തുത പരിപാടിക്ക് ഊർജ്ജം പകർന്നു.

**ഫാ. അഗസ്റ്റിൻ ജോൺ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

**മതബോധന സമിതി**

പുല്ലുവിള ഇടവകയിൽ 23-12-18-ൽ യേശുവിന്റെ പിറവി തിരുനാളിനോടനുബന്ധിച്ച് ക്രിസ്മസ് വിളംബരറാലി വളരെ വിപുലമായി സംഘടിപ്പിച്ചു. ഇതിനോടൊപ്പം ഓരോ ഇടവകയിലും തനതായ രീതിയിൽ ക്രിസ്മസ് സന്ദേശറാലി സംഘടിപ്പിച്ചു.

പുല്ലുവിള മതബോധന സമിതിയുടെ നേതൃത്വത്തിൽ ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്നതിനായി 5 ക്രിസ്മസ് സന്ദേശഗാനങ്ങൾ പാടി. ഇങ്ങനെ പാടിയ ഗാനങ്ങൾ സംപ്രേഷണം ചെയ്യുകയും ചെയ്തു.

**നിരീക്ഷണ സമിതി:** പുല്ലുവിള, പൂവാർ, കരിച്ചൽ, ചൊവ്വര എന്നീ ഇടവകകളിൽ മതബോധനരീതികളുടെ വിലയിരുത്തൽ നിരീക്ഷണ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**ഫാ. ശാന്തപ്പൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ





# കുടുംബപ്രേഷിത ശുശ്രൂഷ

## അതിരൂപതാതലം

**സർട്ടിഫിക്കറ്റ് കൗൺസിലിംഗ് കോഴ്സ് മൂന്നാം ബാച്ച്**

കുടുംബപ്രേഷിതശുശ്രൂഷയുടെ കീഴിൽ നടന്നു വരുന്ന ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് കോഴ്സിന്റെ മൂന്നാം ബാച്ചിന്റെ ക്ലാസ്സുകൾ 1, തീയതിയും ഇന്റേൺഷിപ്പ് 17, 24 തീയതികളിലും നടക്കുകയുണ്ടായി. 35 പേർ പങ്കെടുക്കുന്ന കോഴ്സിന് ഫാ. എ ആർ ജോൺ, ഫാ. ആൻഡ്രൂസ് കോസ്മോസ്, ഫാ. എഡിസൻ, ശ്രീ. യേശുദാസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**കൗൺസിലിംഗ്**

വിവിധ ഇടവകകളിൽ നിന്നും വന്ന 170 പേർക്ക് പ്രശ്നപരിഹാരത്തിന് നിർദ്ദേശം നൽകാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു. എല്ലാ ഫെറോനകളിലെയും തിരഞ്ഞെടുക്കപ്പെട്ട സെന്ററുകളിലും കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

**സാന്ത്വനം മംഗല്യം**

കുടുംബപ്രേഷിതശുശ്രൂഷയുടെ കരുണയുടെ മുഖമായ സാന്ത്വനം മംഗല്യം. പദ്ധതിയുടെ ഭാഗമായി ഈ മാസം 10 അപേ

ക്ഷകൾ ലഭിച്ചിട്ടുണ്ട്. അന്വേഷണ വിധേയമാക്കിയതിനു ശേഷം 8 യുവതികൾക്ക് ധനസഹായം നൽകുവാൻ സാധിച്ചു.

**കരുണാമയൻ**

ഏകസ്ഥരുടെ (വിവാഹിതരാകാതെ ജീവിക്കുന്ന) അജപാലനം മുന്നിൽ കണ്ടുകൊണ്ട് നടത്തുന്ന "ആരും തനിച്ചല്ല" - കരുണാമയൻ എന്ന പ്രോജക്ടിന്റെ ഭാഗമായി 30 അംഗങ്ങൾക്ക് ധനസഹായം നൽകുന്നു. അതിനോടൊപ്പം അവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്തു വരുന്നു.

പാളയം, കോവളം, പുതുക്കുറിച്ചി. അഞ്ചുതെങ്ങ് വലിയതുറ എന്നീ ഫെറോനകളിലെ ഏകസ്തരുടെ ലിസ്റ്റ് ശേഖരിക്കുവാൻ സാധിച്ചു.

**ഓഖി സൈക്കോ സ്പിരിചൽ വെൽഫയർ**

കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിൽ ഓഖി സൈക്കോ സ്പിരിചൽ വെൽഫയെർ പെൻഷൻ സ്കീം നടപ്പിലാക്കുന്നു. ഓഖിയിൽ നിന്നും മടങ്ങി വന്നവരിൽ ദൈനംദിന ചിലവുകൾക്കു പോലും കാശില്ലാതെ ജീവിതം ദുഃഖത്തിൽ തള്ളിനീക്കുന്ന 130 പേർക്കാണ് പ്രധാനമായും ഇത് നൽകുന്നത്. നവംബർ മാസത്തെയും ഡിസംബർ മാസത്തെയും സാമ്പത്തിക സഹായം വിതരണം ചെയ്തു.

**ഫെറോന ആനിമേറ്റേഴ്സ് യോഗം**

കുടുംബപ്രേഷിത ശുശ്രൂഷയിലെ ഫെറോന ആനിമേറ്റർമാരുടെ ഈ മാസത്തിലെ യോഗം 21-ാം തീയതി കൂടുകയുണ്ടായി. ഫാ. എ ആർ ജോണിന്റെ പ്രാരംഭപ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ ഓരോ ആനിമേറ്റർമാരും തങ്ങളുടെ ഫെറോന





കളിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

കരുണാമയൻ, സാന്ത്വനം മംഗല്യം എന്നീ പ്രോജക്ടുകളുടെ ഇപ്പോഴത്തെ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ഇപ്പോഴത്തെ സാമ്പത്തികാവസ്ഥയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ഇതിനുവേണ്ട ധനശേഖരണം എങ്ങനെ നടത്താം എന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

വിവാഹ ഒരുക്കസെമിനാർ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്ന കാര്യം വിശദമാക്കി. മാര്യേജ് ബ്യൂറോയുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ എല്ലാ ഭാഗത്തും എത്തിക്കുന്നതിനുവേണ്ടി കെ.ആർ.എൽ.സി.യുടെ പ്രസിദ്ധീകരണമായ ജീവനാദത്തിൽ കൊടുക്കുക, എല്ലാ ഇടവകകളിലും നോട്ടീസ് ബോർഡിൽ ഇടുന്നതിനായി ബ്രോഷർ എത്തിക്കുക എന്നീ കാര്യങ്ങളും ചർച്ച ചെയ്തു.

**കുടുംബപ്രേഷിത ശുശ്രൂഷാ വോളന്റിയർമാരുടെയും റിസോഴ്സ് പേഴ്സൻസിന്റെയും കൂടിവരവ്** കുടുംബപ്രേഷിത ശുശ്രൂഷയിൽ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന വോളന്റിയേഴ്സിന്റെയും വിവാഹ ഒരുക്കസെമിനാർ റിസോഴ്സ് ടീം അംഗങ്ങളുടെയും ആനിമേറ്റേഴ്സിന്റെയും കൂടിവരവും ക്രിസ്തുമസ് ആഘോഷവും 21-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം നടത്തുകയുണ്ടായി.

കളികളിലൂടെയും കരോൾ ഗാനങ്ങളിലൂടെയും സമ്മാന വിതരണത്തിലൂടെയും വളരെയേറെ സന്തോഷപൂർണ്ണമായിരുന്ന ഈ ക്രിസ്മസ് പരിപാടിയിൽ ഡോ. ജയശ്രീ, ഡോ. അമർ, ശ്രീ. സ്റ്റീഫൻ തുടങ്ങിയവർ ക്രിസ്മസ് ആശംസകൾ പങ്കുവച്ചു. ഫാ. ആൽബർട്ട്, സി. എൽസ്ന, സി. തങ്കമ്മ എന്നിവർ കളികൾക്ക് നേതൃത്വം നൽകി.

കുടുംബപ്രേഷിത ഡയറക്ടർ ഫാ. എ ആർ ജോണിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച കൂടിവരവിൽ 53 പേർ പങ്കെടുത്തു.

**ഫൊറോന തല പ്രവർത്തനങ്ങൾ**

**അഞ്ചുതെങ്ങ് ഫൊറോന**

ഏകസ്തരെ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു വരുന്നു. ഭിന്നതയിലും കലഹത്തിലും കഴിഞ്ഞിരുന്ന കുടംബങ്ങളെ അനുരജ്ഞനത്തിലേക്ക് കൊണ്ടുവരുവാൻ സാധിച്ചു.

എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും ദൈവാലയത്തിൽ എത്തുവാൻ സാധിക്കാത്തവർക്കായി ഭവനങ്ങളിൽ ദിവ്യകാരുണ്യം നൽകുന്നു.

**കോവളം ഫൊറോന**

ഏകസ്തരെയും രോഗകളെയും സന്ദർശിക്കുകയും വേണ്ട സഹായസഹകരണങ്ങൾ നടത്തുകയും ചെയ്തു. തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാറിനിൽക്കുന്ന കുടുംബങ്ങളെ സന്ദർശിക്കുകയും നവനേതൃത്വത്തിലേക്ക് പുതിയ നേതാക്കളെ തിരഞ്ഞെടുക്കുവാനും പ്രോത്സാഹപ്പിച്ചു. സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിന് യൂണീറ്റു തലത്തിൽ മുന്നോട്ടുവരുന്നത് സന്തോഷം പകരുന്നു. പ്രായം ചെന്നവരെയും രോഗാവസ്ഥയിലായവരെയും സഹായിക്കുവാനും പ്രാർത്ഥിക്കുവാനും യൂണീറ്റ് അംഗങ്ങൾ മുന്നോട്ടു വരുന്നത് അഭിനന്ദനാർഹമാണ്. ഇടവകകളിൽ കിടപ്പുരോഗികളായവരെ സന്ദർശിച്ച് വേണ്ട സഹായം നൽകി വരുന്നു. കുടുംബമായി ബി.സി.സി.കളിൽ പോകാനും കുടുംബമായി





കുടുംബപ്രാർത്ഥന നടത്തുവാനും കുടുംബങ്ങളെ പ്രോത്സാഹിപ്പിച്ചുവരുന്നു.

**കഴക്കൂട്ടം ഫൊറോന**

**ഫൊറോനതലം:** നവംബർ 18-ന് നടന്ന ഫൊറോന കൗൺസിൽ യോഗത്തിനുശേഷം ഫൊറോനയിലെ ഞാണ്ടൂർകോണം മുരുക്കുംപുഴ ഇടവകകളിൽ ഏകസ്ഥരുടെയും, വിധവകളുടെയും സംഗമങ്ങൾ. നടത്തി, മുരുക്കുംപുഴ ഇടവകവികാരി റവ.ഫാ.തോമസ് നെറ്റോ ഇടവകയിലെ വിധവാ ഫോറം അംഗങ്ങളുമായ് വല്ലാർപാടം, ഇടപ്പള്ളി, കല്ലൂർ തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിക്കുകയും വല്ലാർപാടം ദൈവാലയത്തിൽ ഇടവകവികാരിയുടെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. മറ്റ് ഇടവകകളിൽ പുതിയ ഭരണസമിതി നിലവിൽ വന്നശേഷം തുടർപ്രവർത്തനങ്ങളുമായ് മുന്നോട്ടുപോകാം എന്ന തീരുമാനത്തിലാണ്.

**പേട്ട ഫൊറോന**

ചെറുവയ്ക്കൽ ഇടവകയുടെ നേതൃത്വത്തിൽ അനാഥാലയം സന്ദർശിക്കുകയും അവരോടൊപ്പം ഉച്ചയൂണ് കഴിക്കുകയും കരോൾ ഗാനങ്ങൾ പാടി അവരെ സന്തോഷിപ്പിക്കുകയും ചെയ്തു.

പേട്ട ഇടവകയിൽ വൃദ്ധരും കിടപ്പുരോഗികളുമുള്ള ഭവനങ്ങൾ സന്ദർശിക്കുകയും അവരോടൊപ്പം കുറച്ചു സമയം ചെലവഴിക്കുകയും ക്രിസ്മസ് ഗാനങ്ങൾ ആലപിച്ച് സമ്മാനവും നൽകുകയും ചെയ്യുന്നു. ഇടവകവികാരിയും ഇതിൽ പങ്കെടുക്കുന്നു.

**പുല്ലുവിള ഫൊറോന**

പൂവാർ, ചൊവ്വര, കൊച്ചുതുറ, പുല്ലുവിള, പരുത്തിയൂർ, കരുംകുളം എന്നീ ഇടവകകളിലെ ഏകസ്തരെ സന്ദർശിക്കുകയുണ്ടായി. പൂവാർ, പള്ളം എന്നീ ഇടവകകളിൽ നിന്നും ലഭിച്ചിരിക്കുന്ന ലിസ്റ്റ് അനുസരിച്ച് എല്ലാവരെയും സന്ദർശിച്ചു കഴിഞ്ഞു.

ഇടവകവികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് കൗൺസിലിംഗ് നൽകി വരുന്നു. കൗൺസിലിംഗ് വഴി പ്രശ്ന ബാധിത കുടുംബങ്ങളെ രമ്യതയിലെത്തിക്കാൻ കഴിഞ്ഞു.

**വിവാഹ ഒരുക്കസെമിനാർ**

ഡിസംബർ 10, 11, 12 തീയതികളിൽ നടന്ന കോഴ്സിൽ 69 പെൺകുട്ടികളും 76 ആൺകുട്ടികളും 2018 ഡിസംബർ 28, 29, 30 തീയതികളിൽ നടന്ന ക്ലാസ്സിൽ 71 ആൺകുട്ടികളും 54 പെൺകുട്ടികളും പങ്കെടുത്തു. ഇവരെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. എല്ലാവരും സജീവമായി പങ്കെടുത്തു.

**വിവാഹ ഒരുക്കസെമിനാർ**

2019 ജനുവരി 11, 12, 13

ജനുവരി 21, 22, 23

ജനുവരി മാസം മുതലുള്ള കോഴ്സിന്റെ ഫീസ് 1250/- ആയിരിക്കും.

**മാര്യേജ് ബ്യൂറോ**

വെബ്സൈറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായി നടക്കുന്നു. എന്നവിവാഹ ബ്യൂറോയുടെ ഈ മാസത്തിൽ മാര്യേജ്





ബ്യൂറോയിൽ 18 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു. മാര്യേജ് ബ്യൂറോ ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യേണ്ട വെബ്സൈറ്റ് www.latincatholicmatrimonial.com

# യുവജന ശുശ്രൂഷ

**സമുദായ സംഗമം**

**ഡിസംബർ 9**

2018 ഡിസംബർ 9 ന് ശംഖുമുഖത്തു വച്ച് നടന്ന സമുദായ സംഗമത്തിൽ വോളന്റിയേഴ്സ്, യുവജന പ്രതിനിധി സമ്മേളനം, ഭക്ഷണ പദാർത്ഥങ്ങളുടെ വിതരണം, പബ്ളിസിറ്റി, കലാജാഥ എന്നിവയ്ക്ക് യുവജനങ്ങളുടെ നിസ്വാർത്ഥ സഹകരണവും സേവനവും ഉണ്ടായിരുന്നു. 400 പേർ പങ്കെടുത്ത പ്രതിനിധി സമ്മേളനത്തിൽ 12 ലത്തീൻ രൂപതകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവും പ്രശസ്തരായ റിസോഴ്സ് ടീം അംഗങ്ങളും ക്ലാസ്സുകൾ നയിച്ചു.

**LAMP കോഴ്സ്**

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ 11-ാമത് ലാമ്പ് ബാച്ചിന്റെ രണ്ടാമത് സെഷൻ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് ഡിസംബർ 14, 15, 16 തീയതികളിൽ സംഘടിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ യൂത്ത് അഫേഴ്സ് ആൻഡ് സ്പോർട്സ് നെഹ്റു യുവകേന്ദ്രയുടെ പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്തത്. 35 യുവജനങ്ങൾ ക്ലാസ്സിൽ പങ്കെടുത്തു വരുന്നു.

**ഡിസംബർ റൂബി ജൂബിലി സമാപനവും**

**കെ.സി.ബി.സി. യുവജന വർഷാഘോഷവും**

**Ephphatha ഡിസംബർ 29, 30**

കെ.സി.ബി.സി.യുടെ ഒദ്യോഗിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. രൂപം കൊണ്ടത് 1978 ഡിസംബർ 28 ന് മന്നാനം





കെ.ഇ.കോളേജിൽ വച്ചായിരുന്നു. ക്രൈസ്തവാദർശങ്ങളില ധിഷ്ഠിതമായി കത്തോലിക്കാ യുവജനങ്ങളുടെ സമഗ്ര വികസനവും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും എന്ന ലക്ഷ്യത്തിലടിയുറച്ച് പ്രവർത്തിക്കുന്ന യുവജന പ്രസ്ഥാനത്തിന് ഇന്ന് 40 വയസ്സ്. കേരളത്തിന്റെ മണ്ണിൽ അവിസ്മരണീയമായി പ്രവർത്തിച്ച് റൂബി ജൂബിലി നിറവിൽ ആയിരിക്കാൻ എല്ലാ കത്തോലിക്ക യുവജനങ്ങൾക്കും കഴിയട്ടെ എന്ന് പ്രഖ്യാപിച്ചു കൊണ്ട് കെ.സി.വൈ.എം. റൂബി ജൂബിലി സമാപന സമ്മേളനം തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്വത്തിൽ ഡിസംബർ 29-ാം തീയതി സെന്റ്. ജോസഫ്സ് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് നടക്കുകയുണ്ടായി. കെ.സി.ബി.സി. പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപതാദ്ധ്യക്ഷനുമായ Most.Rev.Dr.M._സൂസപാക്യം ഉദ്ഘാടനം ചെയ്യുകയും കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവൽ മൈക്കിൾ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. കെ.സി.ബി.സി. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവ് അനുഗ്രഹ പ്രഭാഷണം നൽകുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം എം.പി. ശ്രീ. ശശി തരൂർ, സംസ്ഥാന ഡയറക്ടർ റവ.ഡോ.മാത്യു ജേക്കബ് തിരുവാലിൽ OIC, സംസ്ഥാന ജനറൽ സെക്രട്ടറി എബിൻ കണിവയലിൽ, തിരുവനന്തപുരം അതിരൂപത ഡയറക്ടർ ഫാ.ലെനിൻ ഫെർണാണ്ടസ്, LCYM സംസ്ഥാന ഡയറക്ടർ ഫാ. പോൾ സണ്ണി, തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിഡന്റ് ജോണി.എം.എ, രൂപത ജനറൽ സെക്രട്ടറി ഷൈജു റോബിൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തുടർന്ന് ഫെറോന തലങ്ങളിൽ നിന്നും വന്ന യുവജനങ്ങളുടെ ഫ്ളാഷ് മോബ് അരങ്ങേറുകയുണ്ടായി. കേരളത്തിലെ 32 രൂപതകളിൽ നിന്നും വന്ന പ്രതിനിധി സമ്മേളനം ഡിസംബർ 29,

30 തീയതികളിൽ സെന്റ്.ജോസഫ് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് തിരുവനന്തപുരം രൂപതയുടെ ആതിഥേയത്വത്തിൽ നടക്കുകയുണ്ടായി.

**കഴക്കൂട്ടം ഫെറോന**

കഴക്കൂട്ടം ഫെറോനയിൽ യുവജനശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ നടക്കുവാൻ പോകുന്ന ഫെറോന കലോത്സവ ത്തിന്റെ ഒരുക്കങ്ങൾ നടത്തിവരുന്നു. ക്രിസ്തുമസ്സ് ഒരുക്കവും കരോൾ ഗാനങ്ങളും ഇടവകതലത്തിൽ നടത്തുവാൻ തീരുമാനിച്ചു.

**മുരുക്കുംപുഴ** ഇടവകയിൽ യുവജനങ്ങൾ ഡിസംബർ 22-ാം തീയതി ഭക്ഷ്യമേള നടത്തുവാൻ തീരുമാനിച്ചു.

**ഫാ. റിച്ചാർഡ് സക്കറിയ** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

**വലിയതുറ ഫെറോന**

9-12-2018 ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമുദായദിനം ശംഖുമുഖത്തുവച്ച് വിവിധ കലാപരിപാടികൾക്ക് വർണ്ണപകിട്ട് കാട്ടുവാൻ യുവജനങ്ങൾ താൽപര്യം പൂർവ്വം പരിശ്രമിച്ചു.

14-ാം തീയതി വലിയതുറ സെന്റ് സേവ്യഴ്സിൽവച്ച് യുവജനസംഗമം 6.30-ന് നടന്നു. ലീഡർഷിപ്പ് ക്വാളിറ്റിയെക്കുറിച്ചു ക്ലാസു നല്കി തുടർന്ന് സമ്മാനദാനവും നിർവ്വഹിച്ചു.

**ഫാ. ജെറോം** — **മേരി ക്രിസ്റ്റി**
കോഓർഡിനേറ്റർ — ആനിമേറ്റർ

**കോവളം ഫെറോന**

കെസിവൈഎം ഫെറോനതലത്തിൽ ഇടവക





ലീഡർമ്മാരുടെ ഒരു യോഗം പൂങ്കുളം ഇടവകയിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ സമുദായദിനത്തിൽ ഓരോ ഇടവകകളും സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ചർച്ചകൾ ചെയ്തു. കെസിവൈഎം ശുശ്രൂഷതലത്തിൽ ബിസിസിയിൽ തെരഞ്ഞെടുപ്പ് സംഘടിപ്പിക്കുമ്പോൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുന്ന നേതാക്കളെ തെരഞ്ഞെടുക്കണമെന്നും ചർച്ചകൾ സംഘടിപ്പിച്ചു.

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 8 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്കായി "നേതൃത്വപാടവം എങ്ങനെ വളർത്താം". ദൈവവിളി എങ്ങനെ മറ്റുള്ളവരിൽ പങ്കുവയ്ക്കാം എന്ന വിഷയത്തിൽ ക്ലാസ്സ് നല്കി. വിദ്യാർത്ഥികളിൽ ദൈവാനുഭവം നല്കാൻ ഈ ക്ലാസ്സ്കൊണ്ട് സാധിച്ചു

**ഫാ. ജെറോം** — **മേരി ക്രിസ്റ്റി**
കോഓർഡിനേറ്റർ — ആനിമേറ്റർ

**പുല്ലുവിള ഫെറോന**

യുവജനസർവ്വേ പൂവാർ, ചൊവ്വര, പള്ളം എന്നീ ഇടവകകളിൽ പൂർത്തിയാക്കി. തുടർന്നുള്ള ഇടവകയിൽ 2019 ജനുവരി 30-നകം സർവ്വേ പൂർത്തിയാക്കി തരാമെന്ന് ഇടവകാസമിതിയും വികാരിമാരും അറിയിച്ചു.

**ഫാ. ഷിജിൻ** — **മേരിത്രേസ്യ മൊറായിസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

**തൂത്തൂർ ഫെറോന**

തൂത്തൂർ ഫെറോനയിൽ കെസിവൈഎം യുവജന സംഗമം 18-11-18-ൽ സംഘടിപ്പിച്ചു. യോഗത്തിൽ സമുദായ സംഗമം ഏത്

രീതിയിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് എന്ന ചർച്ചയും കൂടാതെ സമുദായ സംഗമത്തിൽ എല്ലാ അംഗങ്ങളും പങ്കെടുപ്പിക്കണമെന്നും സംഗമത്തിന്റെ പ്രാധാന്യത്തെ മുന്നിൽ കണ്ട് പ്രവർത്തിക്കണമെന്നും നിർദേശിച്ചു.

**യുവ ലീഡർമാരുടെ പരിശീലനം**

തൂത്തൂർ ഇടവകയിലെ സെന്റ് ജോൺ കോൺവെന്റിൽ വച്ച് ലീഡേഴ്സിന്റെ പരിശീലനം സംഘടിപ്പിച്ചു. 45 അംഗങ്ങൾ പങ്കെടുത്തു. യുവജനങ്ങൾക്കായുള്ള ധ്യാനം ഈപ്പിത്തുറയിൽ വച്ച് സംഘടിപ്പിച്ചു. 125 പേർ പങ്കെടുത്തു. 3-11-2018 ദമ്പതികളുടെ ധ്യാനം സംഘടിപ്പിച്ചു. 100 ദമ്പതികൾ പങ്കെടുത്തു, ധ്യാനത്തിൽ ആത്മീയാനുഭൂതി ഏവരും കൃത്യമായി ഉൾകൊണ്ടു. 17,18,19 തീയതികളിൽ ഹോം വിസിറ്റ് ചെയ്തു. ക്രിസ്മസ്സ് കാലത്തോടനുബന്ധിച്ച് ആയിരുന്നു.

**ഫാ. രജീഷ്** — **മല്ലിക ഡസൽബിൻ**

കോഓർഡിനേറ്റർ — ആനിമേറ്റർ





# വിദ്യാഭ്യാസശുശ്രൂഷ

## രൂപതാതലം

### അഞ്ചുതെങ്ങ് ഫെറോന

നവംബർ 24-ാം തീയതി ശനിയാഴ്ച 1.30 മുതൽ 4 വരെ ഫെറോന സ്കൂളുകളിലെ അദ്ധ്യാപകർക്കായി ഒരു ക്ലാസ്സ് നടത്തി. അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ബഹു.ഡൈസൻ അച്ചൻ ഫെറോന വികാരിയുടെ അദ്ധ്യക്ഷതയിൽ ഉദ്ഘാടനം നിർവഹിച്ചു. അദ്ധ്യാപനം "കരുത്തും സാധ്യതകളും" എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. തിയോഡേഷ്യസ് അച്ചൻ ക്ലാസ് നയിച്ചു.

അതിരൂപതാതലത്തിൽ പാളയം ഫെറോനയുടെ നേതൃത്വത്തിൽ ഡിഫൻസ് അവയർനസ് & ട്രെയിനിംഗ് സെലക്ഷൻ ക്യാമ്പിൽ അഞ്ചുതെങ്ങ് ഫെറോനയിൽ നിന്നും മൂന്നു കുട്ടികൾ പങ്കെടുത്തു. ഇതിന്റെ ഫലമായി മൂന്നു കുട്ടികൾ സെലക്ട് ചെയ്യപ്പെട്ടു.

**ഫാ. പ്രദീപ് ജോസഫ്** — **ഗ്ലാഡിസ് ജെയിംസ്**

കോഓർഡിനേറ്റർ — ആനിമേറ്റർ

### പുതുക്കുറിച്ചി ഫെറോന

24-11-2018 മത്സ്യതൊഴിലാളിദിനാചരണത്തോടനുബന്ധിച്ചു അന്നേ ദിവസം ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബത്തിലെ കുട്ടികൾക്ക് റൈറ്റ്.റവ.ഡോ.ക്രിസ്തുദാസ് പിതാവ് ധനസഹായം നല്കുകയുണ്ടായി. രൂപതാതലത്തിൽ കുട്ടികളുടെ പ്രോഗ്രാം വെള്ളയമ്പലത്ത് വച്ച് നടന്നു.

**ഫെറോനതലം:** 25-11-2018-ൽ ഫെറോനതല യോഗത്തിൽ കോഡിനേറ്റർ ഫാ.ഷാജിൻ ജോസ്, എഡ്യൂക്കേഷൻ മിനിസ്ട്രി ജോയിന്റ് കോർഡിനേറ്റർ ബിജി സിസ്റ്ററു പങ്കെടുത്തു. 8,9,10 ക്ലാസ്സിലെ കുട്ടികൾക്ക് ജ്യോതിനിലയം സ്കൂളിൽ വച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ ബോധവത്ക്കരണം നടത്താമെന്നും, അതിലേയ്ക്ക് റിസോഴ്സ് പേഴ്സനായി സ്റ്റാലിൻ സാറെ നിയോഗിക്കുകയും ചെയ്തു. ബിസിസി ഇലക്ഷൻനോടു അനുബന്ധിച്ചും ഇടവകകൾ സന്ദർശിക്കുകയും അടുത്ത മീറ്റിംഗിൽ റിപ്പോർട്ടും, ബാങ്ക് അക്കൗണ്ടും പുതിയ സമിതിയ്ക്ക് കൈമാറാനും തീരുമാനിച്ചു.

ഓഖി ദുരന്തത്തിൽപ്പെട്ട കുടുംബത്തിലെ കുട്ടികളുടെ എഡ്യൂക്കേഷനുവേണ്ടി ലഭിച്ച ധനസഹായം ഫെറോനവികാരി യുടെ നേതൃത്വത്തിൽ വിതരണം ചെയ്തു. രൂപതാതലത്തിൽ നടത്തിയ ഡിഫൻസ് സെലക്ഷൻ ക്യാമ്പിൽ ഫെറോനാതലത്തിൽ 6 പേർ പങ്കെടുത്തതിൽ 2 പേരെ സെലക്ട് ചെയ്തു. പി.എസ്.സി പരിശീലനത്തിനായി 30 ഓളം കുട്ടികൾ രജിസ്ട്രർ ചെയ്തു. അത് തുടർച്ചയായി ഫെറോനയിൽ കോഡിനേറ്റർ അച്ചന്റെ നേതൃത്വത്തിൽ നടത്താൻ തീരുമാനിക്കുകയുണ്ടായി.

**ഫാ. ഷാജിൻ ജോസ്** — **ലിസി സിജു**
കോഓർഡിനേറ്റർ — ആനിമേറ്റർ

## കഴക്കൂട്ടം ഫെറോന

വിദ്യാഭ്യാസ ശുശ്രൂഷാ സമിതി യോഗം നവംബർ 25-ാം തീയതി വൈകുന്നേരം 5 മണിക്ക് കഴക്കൂട്ടം ഫെറോന സെന്ററിൽ കോർഡിനേറ്റർ ഫാ. ഡി.തോമസിന്റെ അദ്ധ്യക്ഷതയിൽ





കൂടുകയുണ്ടായി. ഡിസംബർ 28-ാം തീയതി രാവിലെ 10 മണി മുതൽ 1 മണി വരെ 8, 9-ലെ ക്ലാസ്സിലെ കുട്ടികൾക്കായി “കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ” എന്ന വിഷയത്തിന്മേൽ സെമിനാർ ഫെറോന സെന്ററിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഡി.തോമസ്** — **ജൂലിയറ്റ് പോൾ**
കോഓർഡിനേറ്റർ — ആനിമേറ്റർ

## പാളയം ഫെറോന

ഡിഫൻസ് അവയർനസ് & സെലക്ഷൻ ക്യാമ്പ്

അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ പാളയം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ ഡിസംബർ 2-ാം തീയതി പാളയം ഇടവക പാരീഷ്ഹാളിൽ വച്ച് ഡിഫൻസ് അവയർനസ്സ് ക്ലാസ്സ് & സെലക്ഷൻ ക്യാമ്പ് NAPT (നാഷണൽ അക്കാഡമി ഓഫ് പ്രി-റിക്രൂട്ട്മെന്റ് ട്രെയിനിംഗ്) അക്കാഡമിയിലെ ട്രേനേഴ്സും കേണൽ അനിൽകുമാറും & ടീം നയിക്കുകയുണ്ടായി. അതിരൂപത തലത്തിൽ 59 വിദ്യാർത്ഥികൾ പങ്കെടുത്തു. ഈ വിദ്യാർത്ഥികളിൽ കായിക പരിശീലനത്തിനുള്ള സെലക്ഷൻ നടത്തിയപ്പോൾ 32 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയുണ്ടായി. ഈ പരിപാടിയിൽ രൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ, പാളയം ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ സന്നിഹിതരായിരുന്നു.

**2. മെറിറ്റ് അവാർഡ്**

2017-2018 വർഷത്തിൽ എസ്എസ്എൽസി, +2 തലത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ 21 വിദ്യാർത്ഥികൾക്ക് (എസ്എസ്എൽസി, +2, എ+, സിബിഎസ്ഇ, ഐസിഎസ്ഇ, ഐസിഎസ്ഇ 90%)

ക്യാഷ്അവാർഡ് രൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടറിന്റെയും വൈദിക കോർഡിനേറ്ററിന്റെയും അദ്ധ്യക്ഷതയിൽ പാളയം ഇടവകയിൽ വച്ച് ഡിസംബർ 2-ാം തീയതി വിതരണം ചെയ്തു.

**ഫാ. ജോസ്.ജി** **ജൂലി ഡയനേഷ്യസ്**

കോഒാർഡിനേറ്റർ ആനിമേറ്റർ

**വലിയതുറ ഫെറോന**

ഡിസംബർമാസം 3-ാം തീയതി ഫെറോനാസമിതിയോഗം കോർഡിനേറ്റർ ജോസ് ദിലീപ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയും അതിൽ 10-ൽ 6 ഇടവകയിൽ നിന്നുമുള്ള കൺവീനർമാർ പങ്കെടുക്കുകയും കെ.റ്റെറ്റ് പരിശീലനം ആരംഭിക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്തു.

കെ.റ്റെറ്റ് പരിശീലനത്തിന്റെ രണ്ടാം ഘട്ടം ജനുവരി മാസം ആരംഭിക്കുന്നതിന്റെ അറിയിപ്പ് 10 ഇടവകയിലും നല്കിയിരുന്നു.

പിഎസ്സി തുടർ പരിശീലന പരിപാടി വലിയതുറ, വലിയവേളി എന്നീ ഇടവകകളിൽ നടന്നു വരുന്നു. +2 കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു.

വലിയതുറ, വെട്ടുകാട് സ്കൂളുകളിൽ 4.30 മുതൽ 6.00 മണി വരെ എസ്എസ്എൽസി, +1, +2 വിദ്യാർത്ഥികൾക്ക് ട്യൂഷൻ നടന്നുവരുന്നു. അതാതു വിഷയങ്ങളിലെ അധ്യാപകർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

ഡിഫൻസ് അവയർനസ് സെലക്ഷൻ ക്യാമ്പിൽ ഫെറോനയിൽ നിന്നും 21 പേരെ പങ്കെടുത്തതിൽ 18 പേരെ





സെലക്ട് ചെയ്യുകയുണ്ടായി. ഓഖി അനുസ്മരണം ലോക മത്സ്യതൊഴിലാളി ദിനാചരണവും പ്രമാണിച്ച് 29-ാം തീയതി സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് 9 കുട്ടികൾക്ക് തിങ്കളാഴ്ച 1000 രൂപ വീതം ധനസഹായം നല്കുകയും അത് കോർഡിനേറ്റർ അച്ചന്റെ നേതൃത്വത്തിൽ ഫെറോന സെന്ററിൽവച്ച് നല്കുകയും ചെയ്തു.

**ഫാ. ജോസ് ദിലീപ്** **മേരി**

കോഒാർഡിനേറ്റർ ആനിമേറ്റർ

**കോവളം ഫെറോന**

**ഫെറോനസമിതി:** യോഗത്തിൽ ഫെറോന നടത്താൻ തീരുമാനിച്ചിരുന്ന സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ്, രൂപത സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന ഡിഫൻസ് അവയർനസ് കോഴ്സിൽ കോവളം ഫെറോനയിൽ നിന്നും താല്പര്യമുള്ള വിദ്യാർത്ഥികളെ ഇടവകതല കൺവീനേഴ്സ് കണ്ടെത്തണമെന്നും നിർദേശിച്ചു. ഇടവകതല ത്തിൽ വിദ്യാഭ്യാസതല പ്രവർത്തനങ്ങൾ സമയബന്ധിതമായി സംഘടിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ച് ചർച്ച ചെയ്തു.

**ഓഖി അനുസ്മരണവും ലോക മത്സ്യബന്ധന ദിനാചരണവും**

സെന്റ് ജോസഫ് സ്കൂൾ അധ്യാപകരും രൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയും സംയുക്തമായി 29-11-2018 തിങ്കളാഴ്ച ഓഖി അനുസ്മരണത്തോടനുബന്ധിച്ച് കെജി മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് കോവളം ഫെറോനയിലെ വിഴിഞ്ഞം ഇടവകയിൽ 40 വിദ്യാർത്ഥികൾക്കും പൂന്തുറ ഇടവകയിൽ 40 വിദ്യാർത്ഥികൾക്കും 1000 രൂപ നിരക്കിൽ ധനസഹായം നൽകി ഇത് ഫെറോനവികാരി ബിബിൻസൺ അച്ചന്റെ നേതൃത്വത്തിലായിരുന്നു.

**ഫെറോനതലത്തിൽ ഓഖി ബാധിത മാതാപിതാക്കൾക്ക് യോഗം കൂടി.**

കോവളം ഫെറോനയിൽ വിഴിഞ്ഞം, പൂന്തുറ പ്രദേശത്തെ വിദ്യാർത്ഥികളെ രാജഗിരി കോളേജ് അധ്യാപകർ സ്പോൺ ചെയ്തു. തുടർന്ന് നവംബർ ഡിസംബർ മാസത്തിൽ സ്പോൺസർ ചെയ്ത് വിദ്യാർത്ഥിക്കളുടെ മാതാപിതാക്കൾക്ക് അടിയന്തരയോഗം നടത്തി ഈ വിദ്യാർത്ഥികൾക്ക് അതാത് സ്ഥലത്ത് ട്യൂഷൻ നല്കുന്നു. പഠന ആവശ്യത്തിനുള്ള ധനസഹായ ങ്ങളും പഠനസാമഗ്രികളും യോഗത്തിൽ വിതരണം ചെയ്ത വിദ്യാർത്ഥികളുടെ പഠനനിലവാരവും വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായുള്ള പ്രശ്നങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

ഫെറോനതലത്തിൽ ബിസിസി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നവംബർ 17-ാം തീയതി ക്ലാസ്സുകൾ നല്കി. ശുശ്രൂഷ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും സമയബന്ധിതമായി നടപ്പിലാക്കാനും ഉതകുന്ന തരത്തിലുള്ള നേതാക്കളെ തിരഞ്ഞെടുക്കണമെന്ന നിർദ്ദേശവും നല്കി.

ഫെറോനതലത്തിൽ സ്റ്റുഡൻസ് ഫോറം രൂപീകരിക്കുന്ന തിന്റെ ഭാഗമായി എല്ലാ ഇടവകയിൽ നിന്നും പ്രൈവറ്റും & ഗവൺമെന്റും തലങ്ങളിലും പഠിപ്പിക്കുന്ന അധ്യാപകരുടെ ലിസ്റ്റ് ശേഖരിക്കാൻ തീരുമാനിച്ചു.

**ഇടവകതലം**

**പെരിങ്ങമ്മല:** പെരിങ്ങമ്മല ഇടവകയിൽ എല്ലാ മാസവും സമയബന്ധിതമായി വിദ്യാഭ്യാസസമിതിയോഗങ്ങൾ കൂടി വരുന്നു. 8 മുതൽ ഡിഗ്രി വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ





കൺവീനറുടെ നേതൃത്വത്തിൽ പിഎസ്സി കോച്ചിങ് നടന്നുവരുന്നു. 15 വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു.

**ആഴാകുളം:** ആഴാകുളം ഇടവകയിൽ 5-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾ മുതൽ ഡിഗ്രി വരെയുള്ള വിദ്യാർത്ഥികൾക്ക് ഇടവക വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നടന്നുവരുന്നു.

**പൂന്തുറ ഇടവകയിൽ** ഇടവക വിദ്യാഭ്യാസ നവീകരണത്തിനായി ഇടവകയിൽ വിദ്യാഭ്യാസ സമിതി യോഗം കൂടി. വീട്ടിൽ ഇരുന്ന് പഠിക്കാൻ സാധിക്കാത്ത 5-9 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇടവക സെന്റ് തോമസ് സ്കൂളിൽ വച്ച് പഠിക്കാനും സംശയ നിവാരണത്തിനും വേദി ഒരുക്കുന്നു.

വിഴിഞ്ഞം, പൂന്തുറ ഇടവകയിൽ എസ്എസ്എൽസി, +2 വിദ്യാർത്ഥികൾക്ക് നൈറ്റ് സ്റ്റഡി ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് സംശയങ്ങൾ നിവാരണം ചെയ്യുകയും ചെയ്തുവരുന്നു.

ഡിഫൻസ് അവയർനസ് ട്രെയിനിംഗ് സെലക്ഷൻ ക്ലാസ്സിൽ കോവളം ഫെറോനയിൽ നിന്നും 6 വിദ്യാർത്ഥികളെ ട്രെയിനിംഗിലേക്ക് തെരഞ്ഞെടുത്തു.

**ഫാ. ജോഫിൻ** — കോഓർഡിനേറ്റർ

**ഷൈജ ആന്റണി** — ആനിമേറ്റർ

## പുല്ലുവിള ഫെറോന

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ എക്സിക്യൂട്ടീവ് യോഗം ഡിസംബർ 2-ന് കോർഡിനേറ്റർ ഫാ. ഫ്രെഡി സോളമന്റെ അദ്ധ്യക്ഷതയിൽ നടന്നു. ഫെറോന

ഇടവകാതല പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പ് അവലോകനം നടത്തി. ഫെറോന പ്ലാൻ അനുസരിച്ച് എസ്എസ്എൽസി വിദ്യാർത്ഥികൾക്കായുള്ള നൈറ്റ്സ്ററഡി പരീക്ഷയെ നിർഭയം എങ്ങനെ അഭിമുഖീകരിക്കാം എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ഉള്ളതിനാൽ ഇതിനായുള്ള ക്രമീകരണം നടത്തി. നൈറ്റ്സ്ററഡി പൂവാർ, പുല്ലുവിള എന്നീ ഇടവകകളിൽ ജനുവരി മുതൽ ആരംഭിക്കുന്നതിനും, കരുംകുളം ഇടവകയിൽ ഡിസംബറിലും , സ്കൂൾ തലത്തിൽ പുല്ലുവിള, ലൂർദ്ദുപുരം, കൊല്ലംങ്കോട് എന്നീ സ്കൂളുകളിലും ആരംഭിക്കുന്നതിനുള്ള ക്രമീകരണം നടത്തി.

സമിതിയോഗ തീരുമാനമനുസരിച്ച് സ്കൂൾതലത്തിൽ പുല്ലുവിള, ലൂർദ്ദുപുരം, കൊല്ലംങ്കോട് എന്നീ സ്കൂളുകളിൽ ഡിസംബർ 3മുതൽ ആരംഭിച്ചുവെങ്കിലും ക്രിസ്മസ് പരീക്ഷ 11 മുതൽ ആരംഭിക്കുന്നതിനാല് താല്ക്കാലികമായി നൈറ്റ്സ്ററഡി നിർത്തി. ഇനി പുനരാരംഭിക്കുന്നത് 7-1-19-ലാണ്

**കരുംകുളം ഇടവകയിൽ** 3-12-18 മുതൽ ഇടവകാതലത്തിൽ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ വൈകുന്നേരം 6.30 മുതൽ 8.30 വരെ എല്ലാ വിഷയങ്ങൾക്കും ക്ലാസ്സുകൾ ആരംഭിച്ചു. ഇപ്പോഴും ക്ലാസ്സ് തുടരുകയാണ്.

1. ഫെറോനതലത്തിൽ നടന്നുവരുന്ന തുടർപരിപാടികൾ പിഎസ്സി പരിശീലനത്തിന് ഈ മാസം 6 ക്ലാസ്സുകൾ സംഘടിപ്പിച്ചു.
2. ഡിഫൻസ് പരിശീലനം: ആഗസ്റ്റ് 11-ന് ആരംഭിച്ച ഡിഫൻസ് പരിശീലനത്തിന് ഈ മാസം എഴുത്ത് പരീക്ഷയ്ക്കായി 8 പരിശീലന ക്ലാസ്സുകൾ നല്കി. എല്ലാ ദിവസവും രാവിലെ 6 മണി മുതൽ 8 മണി വരെ കായികക്ഷമത പരിശീലനവും നല്കിവരുന്നു.





ടി പരിശീലനത്തിന് 18 പേർ പങ്കെടുക്കുന്നു.

**സിവിൽ സർവ്വീസ് ഫൗണ്ടേഷൻ:** കോഴ്സിന് ഈ മാസം 3 ക്ലാസ്സുകൾ നല്കി പൂവാർ ഏയ്ഞ്ചൽസ് സ്കൂളിൽ വച്ച് സംഘടിപ്പിക്കുന്ന പരിശീലനത്തിന് 42 വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. “നളന്ദ” സിവിൽ സർവ്വീസ് അക്കാദമിയാണ് പരിശീലനം നൽകി വരുന്നത്.

കെ.റ്റെറ്റ് പരിശീലനം നേടിയ 24 റ്റിറ്റിസി, ബിഎഡ് കഴിഞ്ഞ ഉദ്യോഗാർത്ഥികൾ കേരള സർക്കാരിന്റെ അധ്യാപക യോഗ്യത പരീക്ഷ എഴുതിയതിൽ 5 ഉദ്യോഗാർത്ഥികൾ അധ്യാപനവൃത്തിയ്ക്കായി യോഗ്യത നേടി.

ഇടവകാതലം: ഈ മാസം ഇടവകാതലത്തിൽ നമ്പ്യാതി ഇടവകയിൽ മാത്രം പിഎസ്സി പരിശീലനം നല്കി. 16 ക്ലാസ്സുകൾ ക്രമീകരിച്ചതിൽ 29 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.

പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്: ടി ഫെറോനയിലെ എല്ലാ ഇടവകയിലും ബിസിസി ഇലക്ഷൻ പൂർത്തിയാക്കി.

| | |
|---|---|
| **ഫാ. ഫ്രഡി സോളമൻ** | **മേരിത്രേസ്യ മൊറായിസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## തൂത്തൂർ ഫെറോന

### ഫെറോനതലയോഗം

ഡിസംബർ മാസം 15-ാം തീയതി 4 മണിക്ക് ഫെറോനാ സെന്ററിൽവച്ച് നടന്ന മീറ്റിംഗിൽ പ്ലാൻ അനുസരിച്ചുള്ള പരിപാടികൾ ഓരോന്നും ചർച്ച ചെയ്തു തീരുമാനമെടുത്തു. 2 വർഷവും പ്രവർത്തിച്ച എല്ലാ കൺവീനർമാരെയും ആദരിച്ചു.

ഓഖി ദുരിതത്തിൽ സഹായഹസ്തത്തിനായി കാത്തിരുന്ന 99 കുട്ടികൾക്ക് 1000 രൂപ വച്ച് 99000/- രൂപ സെന്റ് ജോസഫ്സ് സ്കൂളിൽവച്ച് നല്കുകയും തൂത്തൂർ വിദ്യാഭ്യാസ കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ ഇടവകവികാരിമാർ വഴി പ്രസ്തുത സഹായം വിതരണം ചെയ്തു.

ഫെറോനതലത്തിൽ എല്ലാ ഇടവകയിലും ബിസിസി തെരഞ്ഞെടുപ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഫെറോന തലത്തിൽ ക്ലാസ്സ് നല്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇടവകകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കെൽപ്പുള്ള നേതാക്കളെ തെരഞ്ഞെടുക്കണമെന്നും നിർദേശിച്ചു.

**ഫാ. ആൻസിൽ ആന്റണി** — കോഓർഡിനേറ്റർ

**മല്ലിക ഡെസൽബിൻ** — ആനിമേറ്റർ





# സാമൂഹ്യശുശ്രൂഷ

തിരുവനന്തപുരം അതിരൂപതാ സാമൂഹ്യശുശ്രൂഷയുടെ കീഴിൽ പ്രവർത്തിക്കുന്ന തൂത്തൂർ ഫെറോനയുടെ 2018 ഡിസംബർ മാസത്തെ റിപ്പോർട്ട്

ഇടവകകളിൽ തെരഞ്ഞെടുപ്പായതിനാൽ ഇടവകതല യോഗങ്ങളൊന്നും നടന്നില്ല. 29-ാം തീയതി കിരാത്തൂർ ഓഫീസിൽ വെച്ച് ഫെറോന എക്സിക്യൂട്ടീവ് അംഗങ്ങൾ 2 വർഷം സാമൂഹ്യശുശ്രൂഷയുടെ കീഴിൽ സേവനം ചെയ്യുന്നതിനാൽ അവരെ ആദരിക്കാൻ തീരുമാനിച്ചു.

ഫെറോനയിലെ 6 നേഴ്സറികളും 13 സപ്ലിമെന്ററികളും വളരെ നന്നായി പ്രവർത്തിക്കുന്നു. എല്ലാ നഴ്സറികളും ക്രിസ്മസ് നന്നായ് ആഘോഷിക്കുകയും, ചില നഴ്സറികളിൽ കലാപരിപാടികൾ നടത്തുകയും ചെയ്തു.

ഫെറോനയിലെ എല്ലാ സപ്ലിമെന്ററി പഠനകേന്ദ്രങ്ങളും വൈകുന്നേരം 6.30 മുതൽ തുടങ്ങി 8 മണി വരെ പ്രവർത്തിക്കുന്നു.

ഓഖിയിൽ ബാധിച്ച കുടുംബങ്ങളെ റീജനൽ ആനിമേറ്റർ സന്ദർശിക്കുകയും ഐജിപി വഴി കച്ചവടം ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ഭവനം ഒരു സമ്മാനം പദ്ധതിയിലൂടെ ലഭിച്ച ഭവനങ്ങളും അറ്റകുറ്റ പണികൾ തീർക്കാൻ സഹായം ലഭിച്ചവരുടെ ഭവനങ്ങളും ഇടയ്ക്കിടെ സന്ദർശിക്കുന്നു.

മാർത്താണ്ഡതുറയിലെ പള്ളിയും സിമിത്തേരിയും ലൂർദ്ദുമാതാവിന്റെ ഗ്രോട്ടോയുടെ മുൻവശവും വിശുദ്ധ അലോഷ്യസ് വിദ്യാലയത്തിന്റെ പരിസരവും ദിവ്യബലി കഴിഞ്ഞാൽ നടക്കുന്ന ബൈബിൾ ക്ലാസിനുശേഷം വൃത്തിയാക്കുന്നു. ജനുവരി 2019 മുതൽ ഇടവകയിലെ ഓരോ കുടുംബയൂണിറ്റുതലത്തിലും വൃത്തിയാ

ക്കാനും പ്രകൃതിയെ സംരക്ഷിക്കാനും തീരുമാനിച്ചു. കൂരുണ്യ പൂർവ്വം പദ്ധതിയുടെ കീഴിൽ 5 കുടുംബങ്ങളിൽ 3 പേർക്ക് 900 വീതം 2700 രൂപ അനുവദിച്ചു.

15-ാം തീയതി വള്ളവിള കല്യാണ മണ്ഡപത്തിൽ ഫെറോനയിലെ എല്ലാ സപ്ലിമെന്ററി, നഴ്സറി അദ്ധ്യാപകരെ വിളിച്ചുകൂട്ടി ക്രിസ്തുവിന്റെ പിറവി വളരെ വിപുലമായ രീതിയിൽ ആഘോഷിച്ചു.

ചിന്നത്തുറ കോൺവെന്റിൽ 45 ദിവസം നീണ്ട തയ്യൽ പരിശീലനം 10-ാം തീയതി 23 പേർക്ക് സർട്ടിഫിക്കറ്റ് നല്കി സമാപ്തി കുറിച്ച വേദിയിൽ ചിന്നത്തുറ ഇടവകവികാരി ഫാദർ ബിനു, രൂപതാ കോർഡിനേറ്റർ ശ്രീമതി അന്നറീത്ത, റീജണൽ ആനിമേറ്റർ ആൽബർട്ട് മിഖായേൽ, ആനിമേറ്റർ കനീജ എന്നിവരുടെ സാന്നിധ്യത്തിൽ കലാപരിപാടികളോടെ യോഗം അവസാനിച്ചു. ഫെറോന ഫെഡറേഷൻ 21-ാം തീയതി കിരാത്തൂർ ഓഫീസിൽ വെച്ച് ഫെറോന വികാരി ഫാദർ ആൻഡ്രൂസിന്റെയും ഫാദർ ഡാർവിന്റെയും സാന്നിധ്യത്തിൽ നടന്നു.

മത്സ്യഫോറത്തിന്റെ ഫെറോനാ യോഗം നടന്നു. വള്ളവിളയിൽ 52 പേർക്ക് 5,53000 രൂപ ലോൺ കൊടുത്തു.

## അഞ്ചുതെങ്ങ് ഫെറോന:

**നീതിസമാധാന വികസന കമ്മീഷൻ**

**കാര്യശേഷി വികസനവിഭാഗം:** ഫെറോനായോഗം 5-11-2018-ൽ 2 മണിക്കു ഫെറോനാ സെന്ററിൽ വച്ചു ഫെറോനാ കോർഡിനേറ്റർ റവ.ഫാ.ടോണി ഹാംലെറ്റിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു. ക്യാൻസർ മെഡിക്കൽ ക്യാമ്പ് ബോധവൽക്കരണ ക്ലാസ് എന്നിവ ഇടവകാതലത്തിൽ നടത്താൻ തീരുമാനിച്ചു. 4/10 ഇടവകായോഗങ്ങൾ നടന്നു. 10 ഇടവകകളിലും പുതിയ സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പു നടന്നു. ഫെറോനാ എക്സിക്യൂട്ടീവ് സമിതി രൂപീകരണം ജനുവരി മാസം നടക്കും.





അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളുടെ ഭാഗമായ് നല്കിയ ഭവനം ഒരു സമ്മാനം പദ്ധതിയിൽ 5 ഭവനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 112 ടോയ്‌ലറ്റിന്റെ പണി പൂർത്തിയായ അംഗങ്ങൾക്ക് ആദ്യ ഗഡു 10,000 നല്കി.

സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമന പ്രവർത്തനങ്ങളുടെ ഭാഗമായ് ഫെറോനാ യോഗവും 7/7 ഇടവകായോഗങ്ങളും നടന്നു. ഇടവകാ ഫെഡറേഷൻ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ഫെറോനാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജനുവരിമാസം നടക്കും. ഫെറോനാതലത്തിൽ ക്രിസ്തുമസ്സ് ഫെയർ നടന്നു.

കുടുംബോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായ് ഭവനസന്ദർശനം സ്വയം തൊഴിൽ യൂണിറ്റ് പ്രവർത്തനം വിലയിരുത്തൽ എന്നിവ നടന്നു കൂടാതെ കുടുംബാംഗങ്ങൾ ഉപകാരികൾക്ക് ക്രിസ്തുമസ്സ് ആശംസ നേർന്നുകൊണ്ട് കത്തുകൾ അയച്ചു.

കാരുണ്യപൂർവ്വം പദ്ധതിയുടെ ഭാഗമായി ഫെറോനയിൽ 3 കുടുംബങ്ങൾക്ക് 900/രൂപ ക്രമത്തിൽ 2700/- ബാങ്കിൽ നിക്ഷേപിച്ചു.

തൊഴിൽ കാര്യകമ്മീഷന്റെ ഭാഗമായ് മത്സ്യവിപണനസ്ത്രീഫോറം മത്സ്യതൊഴിലാളിഫോറം ഫെറോനായോഗങ്ങളും ഇടവകായോഗങ്ങളും നടന്നു. കെ.എൽ.എം ഫെറോനായോഗം 20-11-2018-ൽ നടന്നു.

ആരോഗ്യപരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായ് ക്യാൻസർ ബോധവൽക്കരണ ക്ലാസ് വെന്നികോട് ഇടവകയിൽ വക്കം സിഎച്ച്സി യുടെ നേതൃത്വത്തിൽ നടന്നു. ന്യൂട്രീഷൻ ഫുഡിനെക്കുറിച്ച് മുടിയാക്കോട് യു.പി.എസ് കുട്ടികൾക്ക് ബോധവൽക്കരണം നല്കി. മുടിയാക്കോട് യു.പി.എസ്-ൽ നേത്ര രോഗ മെഡിക്കൽ ക്യാമ്പ് നടന്നു. എൽ.എഫ് കുട്ടികളുടെ ഭവന സന്ദർശനം നടത്തി. കുട്ടികളുടെ ബസ് പാസ്, ട്രെയിൻ പാസ് എന്നിവ ലഭ്യമാ

ക്കുന്നതിനാവശ്യമായ രേഖകൾ ശേഖരിച്ചു.

സപ്ലിമെന്ററി, നഴ്സറിസെന്ററുകളിൽ ക്രിസ്തുമസ്സ് പരീക്ഷയുടെ തയ്യാറെടുപ്പ് നടന്നു. ഡിസംബർ 12 മുതൽ പരീക്ഷ നടത്തി. 15-12-2018-ൽ അദ്ധ്യാപകരുടെ കൂടിവരവും ക്രിസ്തുമസ് ആഘോഷവും നടന്നു.

ചൈൽഡ് പാർലമെന്റ് യോഗം 7 ഇടവകകളിലും നടന്നു. സ്ട്രീറ്റ്ലൈറ്റ്, മാലിന്യസംസ്ക്കരണത്തിനു ഡസ്റ്റ്ബിൻ സ്ഥാപിക്കൽ എന്നിവയ്ക്ക് വേണ്ടി നിവേദനം തയ്യാറാക്കി അഞ്ചുതെങ്ങ് പഞ്ചയത്തിൽ നല്കി.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ് രൂപതാടീമിന്റെ സഹായത്തോടെ ഭവനസന്ദർശനം നടത്തി ഡി അഡിഷൻ പ്രോഗ്രാമിനെക്കുറിച്ച് അവബോധം നല്കി.

**ഫാ.ടോണി ഹാംലെറ്റ്** — കോഓർഡിനേറ്റർ
**പ്രീതിമാത്യു** — ആനിമേറ്റർ

## പേട്ട ഫെറോന

### നീതി സമാധാനം വികസനം കമ്മീഷൻ

15-12-2018 പോങ്ങുംമൂട് ഇടവക സാമൂഹ്യശുശ്രൂഷ പ്രതിനിധികളുടെ ജനറൽബോഡി യോഗം നടന്നു. ഫെറോന ആനിമേറ്ററിന്റെ നേതൃത്വത്തിൽ സാമൂഹ്യശുശ്രൂഷയുടെ പുതിയ എക്സിക്യൂട്ടീവ് സമിതി രൂപീകരിച്ചു. ഫെറോനയിലെ എല്ലാ ഇടവകയിലും സാമൂഹ്യശുശ്രൂഷ സെക്രട്ടറിമാരെ തെരഞ്ഞെടുക്കുകയും ചെയ്തു.

16-12-2018 ഫെറോനതലത്തിൽ സംഘടിപ്പിച്ച യോഗത്തിൽ ഫെറോന ആനിമേറ്റർ ക്ലാസ്സെടുക്കുകയുണ്ടായി. 15-12-2018 പോങ്ങുംമൂട് പാരീഷ്ഹാളിൽ വച്ച് എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം നടന്നു. 2018-19 ലേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഫെറോന എസ്എച്ച്ജി ഫെഡറേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്കു രൂപം നല്കുകയും ചെയ്തു.

ഫെറോനതലത്തിൽ എസ്എച്ച്ജി അംഗങ്ങളുടെ ക്രിസ്തുമസ്സ് സെലിബ്രേഷൻ വിവിധ ഗെയിമുകളോടെയും സ്നേഹവിരുന്നോടു കൂടിയും സംഘടിപ്പിച്ചു.

അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി ഭവന പുനരുദ്ധാരണ പദ്ധതിയിൽ രണ്ടാംഘട്ട പണിയുടെ പുരോഗതിക്കായി 5 ഭവനങ്ങൾക്ക് 75,000 രൂപ വീതം 3,75,000/- രൂപ വീതം പ്രസ്തുത ഗുണഭോക്താക്കൾക്ക് രൂപതയിൽനിന്നും ലഭ്യമായി.

ടോയ്ലറ്റ് നിർമ്മാണത്തിന് രൂപതയിൽനിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് 4 ടോയ്ലറ്റുകളുടെ പണി പൂർത്തിയായി. നിർധന കുടുംബങ്ങളെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കാരുണ്യപൂർവ്വം പദ്ധതിയിലെ നിലവിലുള്ള 18 കുടുംബങ്ങൾക്ക് 900 രൂപ വീതം 16,200 രൂപ പ്രസ്തുത കുടുംബങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. പേട്ട സെന്റ് ആൻസ് ഇടവകയിലെ ഒരു ഗുണഭോക്താവ് സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി പോളിഷിംഗ് വർക്ക് ആരംഭിച്ചു.

### തൊഴിൽകാര്യ കമ്മീഷൻ

20-12-2018 കെ.എൽ.എം ഫെറോനയോഗം ഫെറോന കെ.എൽ.എം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

### ആരോഗ്യകാര്യ കമ്മീഷൻ

ചെറുവക്കൽ ഇടവകയിൽ സാമൂഹ്യശുശ്രൂഷയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരായ രണ്ടു കുട്ടികളുടെ അപേക്ഷ

ഫെറോന ആനിമേറ്റർ രൂപതയിൽ എത്തിച്ചു.

ഫെറോനയിലെ 4 ഭിന്നശേഷിക്കാരായ കുട്ടികളുടെ ധന സഹായം ലഭ്യമാക്കുന്നതിനുള്ള ബില്ലുകൾ രൂപതയിൽ എത്തിച്ചു ധനസഹായം ഉറപ്പുവരുത്തുകയും ചെയ്തു. 10-12-2018 പേട്ട സെന്റ് ആൻസ് ഇംഗ്ലീഷ് മീഡിയം എൽ.പി സ്കൂളിലെ 118 കുട്ടികൾക്ക് ജംഗ്ഫുഡിന്റെ ദൂഷ്യവശങ്ങളുടെ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**സ്ത്രീകളും കുട്ടികളും കമ്മീഷൻ**

വിധവാഫോറം യോഗം ചെറുവക്കൽ ഇടവകയിൽ നടന്നു. മൺവിള, കുമാരപുരം ഇടവക ചൈൽഡ് പാർലമെന്റ് യോഗങ്ങൾ നടന്നു.

പേട്ട സെന്റ് ആൻസ് എൽ.പി സ്ക്കൂളിൽ 118 കുട്ടികൾക്ക് ചൈൽഡ് സ്റ്റാഫ് ചൈൽഡ് ലൈന്റെ അവബോധം നല്കി.

**മദ്യവർജ്ജനവും പരിസ്ഥിതി സംരക്ഷണവും കമ്മീഷൻ**

29-11-2018 ഫെറോന ആനിമേറ്റർ മുട്ടട സീനിയർ സെക്കന്ററി സ്ക്കൂൾ സന്ദർശിച്ച് മദ്യവർജ്ജന പ്രവർത്തനങ്ങളുടെ ക്ലാസ്സ് നടത്തുന്ന കാര്യം പ്രിൻസിപ്പളുമായി ചർച്ച ചെയ്തു തീരുമാനിച്ചു.

10-12-2018 പ്രസ്തുത ക്ലാസ്സ് രൂപത റ്റിഎസ്എസ്എസ് അസി. ഡയറക്ടർ റവ.ഫാ.ഡോണി പോളിന്റെ ഉദ്ഘാടനത്തോടെ നടന്നു. രൂപതാ കോർഡിനേറ്റർ സി.ജിൻസാ ലഹരിവിരുദ്ധ സ്റ്റിക്കർ ക്യാമ്പെയിന്റെ ക്ലാസ്സ് നയിച്ചു.

| | |
|---|---|
| **ഫാ.ക്രിസ്റ്റഫർ കെ.എൽ** | **ബിയാട്രിസ് ഗേർട്ടി** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

**കഴക്കൂട്ടം ഫെറോന**

16-12-18-ൽ ഫെറോനാ സെന്ററിൽ വച്ച് ഫെറോനാ





വികാരിയുടെ അദ്ധ്യക്ഷതയിൽ ഇടവകകൗൺസിൽ അംഗങ്ങൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി പ്രസ്തുത ക്ലാസ്സിൽ സൗമൂഹ്യശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ച് ആനിമേറ്റർ ക്ലാസ്സ് നല്കി.

**ഇടവകസമിതി തെരഞ്ഞെടുപ്പ്**

2-12-18-ൽ മുരുക്കുംപുഴ ഇടവകയിൽ സാമൂഹ്യശുശ്രൂഷാ സമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. മറ്റ് ഇടവകകളിലെ തെരഞ്ഞെടുപ്പ് പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയ്ക്കു ശേഷം നടത്തുവാൻ തീരുമാനിച്ചു.

**അടിസ്ഥാന സൗകര്യവികസനം**

അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായ് ഭവനം ഒരു സമ്മാനം പദ്ധതിവഴി ധനസഹായം ലഭിച്ച് രണ്ടാം ഘട്ടം പണി പൂർത്തിയാക്കിയ നാല് ഭവനങ്ങളുടെ വെരിഫിക്കേഷൻ നടത്തി. മൂന്നാംഘട്ടം പണി ആരംഭിക്കുന്നതിന് 50000 രൂപ വീതം 200000 രൂപ 4 അംഗങ്ങൾക്ക് നല്കുകയുണ്ടായി.

**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

എസ്എച്ച്ജി കളിൽ ക്രിസ്തുമസ്സ് സെലിബ്രേഷൻ നടക്കുകയുണ്ടായി. ക്രിസ്തുമസ്സിന് അംഗങ്ങൾക്ക് സംഘലാഭത്തിൽ നിന്ന് ബോണസ് നൽകി. സംഘങ്ങളിൽ ഉണർവ്വ് പഠനപത്രിക അവശതയുള്ള ജനങ്ങളുടെ അന്താരാഷ്ട്ര ദിനം എന്ന വിഷയത്തെക്കുറിച്ച് അവബോധം നല്കി. സമുദായദിന അറിയിപ്പ് നടത്തുകയും, അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. ജനുവരി 2-ാം ശനിയാഴ്ച ഫെറോനാ ഫെഡറേഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചു.

**തൊഴിൽകാര്യ കമ്മീഷൻ**

4/4 യോഗങ്ങൾ നടന്നു. യോഗങ്ങളിൽ സമുദായദിന അറിയിപ്പ്, ഉണർവ്വ് പഠനപത്രികാവബോധം ഫെഡറേഷൻ രൂപീകരണം അറിയിപ്പ് നടത്തുകയും ജനുവരി മാസം ഫെഡറേഷൻ

രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. യൂണിറ്റുകളിൽ ക്രിസ്തുമസ്സ് സെലിബ്രേഷൻ നടത്തി.

**ആരോഗ്യകാര്യ കമ്മീഷൻ**

4/4 ഭിന്നശേഷിയുള്ള കുട്ടികളുടെ വിവരശേഖരണം പൂർത്തിയാക്കുകയും, ധനസഹായം ലഭിക്കുന്നതിന് ബില്ലുകളും, വിവരങ്ങളും ബന്ധപ്പെട്ട ഓഫീസിൽ നല്കുകയും ചെയ്തു. കൂടാതെ ഗവൺമെന്റ് വഴി ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് അറിയിപ്പ് നല്കി. ജനുവരിമാസം കിടപ്പുരോഗികളുടെയും, ക്യാൻസർരോഗികളുടെയും ലിസ്റ്റ് എടുക്കുവാൻ തീരുമാനിച്ചു.

**സ്ത്രീകളും കുട്ടികളും**

കാരുണ്യപൂർവ്വം പദ്ധതിവഴി 8 കുടുംബങ്ങൾക്ക് 900 രൂപ വീതം 7200 രൂപ ബാങ്കിൽ നിക്ഷേപിച്ചു. കാര്യവട്ടം ഇടവകയിലെ എൽകെ22 കവിത സ്വയം തൊഴിലായി കോഴിവളർത്തൽ ചെയ്യുന്നതിലൂടെ വരുമാനം കണ്ടെത്തി വരുന്നു.

**വിധവാഫോറം**

1-12-18-ൽ രൂപതാ ഓഫീസിൽ നടന്ന വിധവാസംഗമത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു. 8-12-18-ൽ മുരുക്കുംപുഴ ഇടവക വിധവാഫോറം 50 അംഗങ്ങൾ ഇടവകവികാരിയുടെ നേതൃത്വത്തിൽ വല്ലാർപാടം പള്ളിയിൽ തീർത്ഥാടനയാത്ര നടത്തുകയുണ്ടായി. ഞാണ്ടൂർകോണം ഇടവകയിലെ വിധവാഫോറം അംഗങ്ങൾക്ക് ജനുവരിമാസം ജപമാല പരിശീലനം നല്കുവാൻ തീരുമാനിച്ചു.

**ചൈൽഡ് പാർലമെന്റ്**

ഞാണ്ടൂർകോണം ഇടവകയിലെ കുട്ടികൾ 16-12-18-ൽ ക്രിസ്തുമസ് ആഘോഷം നടത്തുകയും സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

**ഫാ.ചാണ്ടിപോൾ** — കോഓർഡിനേറ്റർ

**മേഴ്സി ഡാൾബി** — ആനിമേറ്റർ





**പാളയം ഫെറോന**

**നീതി സമാധാനവികസന കമ്മീഷൻ**

ഫെറോനതല എക്സിക്യൂട്ടീവ് യോഗം 2-12-2018-ൽ പാളയത്ത് വച്ച് നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി പ്ലാൻ & ബഡ്ജറ്റ് പ്രകാരം തന്മാസ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. 10/18 ഇടവകകളിൽ ഇടവകാതല യോഗങ്ങൾ നടന്നു. മറ്റിടവകകളിൽ ബിസിസി തിരഞ്ഞെടുപ്പിന്റെ ഭാഗമായി യോഗങ്ങൾ നടന്നില്ല. 16-12-2018-ൽ ജൂബിലിയിൽ വച്ച് ഫെറോന കോർഡിനേറ്ററിന്റെ അധ്യക്ഷതയിൽ യോഗം കൂടുകയും അംഗങ്ങൾക്ക് സെന്റ് ഓഫ് നൽകുകയും ചെയ്തു.

അടിസ്ഥാന സൗകര്യവികസനങ്ങളുടെ ഭാഗമായി രൂപതാ ഭവനം ഒരു സമ്മാനം പുനരുദ്ധാരണ പദ്ധതി പ്രകാരം 4 ഗുണഭോക്താക്കൾക്ക് മൂന്നാം ഗഡു തുകയായ 50000 രൂപ വീതം വിതരണം ചെയ്തു.

സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 8-12-2018-ൽ ഫെറോനതലത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള ഇലക്ഷൻ നടത്തുകയും 7 അംഗഭരണ സമിതി തെരഞ്ഞെടുക്കുകയും ചെയ്തു. അതോടൊപ്പം അംഗങ്ങൾക്ക് ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. രൂപതാ സാമൂഹ്യ ശുശ്രൂഷ അസി.ഡയറക്ടർ ഫാ.ഡോണി.സി.പോൾ അംഗങ്ങൾക്ക് ക്രിസ്മസ് സന്ദേശം നല്കുകയും രൂപതാ എസ്എച്ച്ജി കോർഡിനേറ്റർ ആശംസകൾ നേരുകയും ചെയ്തു. കരോൾഗാന മത്സരം സംഘടിപ്പിച്ചു സമ്മാനങ്ങൾ വിതരണം നടത്തി. 69 അംഗങ്ങൾ പങ്കെടുത്തു.

കുടപ്പനക്കുന്ന് ഇടവകയിലെ എസ്എച്ച്ജി അംഗങ്ങൾ എൽ.ഇ.ഡി ബൾബ് പരിശീലനം നേടിയതിന്റെ വെളിച്ചത്തിൽ അവ ഉണ്ടാക്കുകയും ചെയ്തു. രൂപതാതലത്തിൽ നടത്തുന്ന ബ്യൂട്ടീഷ്യൻ

ക്ലാസിൽ ഫെറോനയിൽ നിന്നും 14 അംഗങ്ങൾ പങ്കെടുത്തുവരുന്നു.

ഫെറോനതലത്തിൽ വെള്ളയമ്പലത്ത് എസ്എച്ച്ജി അംഗങ്ങൾ ക്രിസ്മസ് വിപണനമേള നടത്തി. ഫെറോനവികാരി മോൺ. നിക്കോളാസ് മേളയുടെ ഉദ്ഘാടനം നിർവഹിച്ചു.

കാരുണ്യപൂർവ്വം പദ്ധതി പ്രകാരം 25 കുടുംബങ്ങൾക്ക് 900 രൂപ വീതം ബാങ്കിൽ നിക്ഷേപിച്ചു. പാളയം ഇടവകയിൽ ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ ഇടവക കാരുണ്യപൂർവ്വം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗ്രൂപ്പ് ഡിസ്കഷൻ യോഗം നടത്തി.

**തൊഴിൽകാര്യ കമ്മീഷൻ**

15-12-2018-ൽ വെള്ളയമ്പലത്ത് വച്ച് ഫെറോന എക്സി. യോഗം നടന്നു. യോഗത്തിൽ അംഗങ്ങൾക്ക് ക്രിസ്മസ് ആഘോഷം നടത്തുകയും രൂപതാ കെഎൽഎം എക്സി.സെക്രട്ടറി ഫാ. ജോൺഡാൾ ക്രിസ്മസ് ദിന സന്ദേശം പങ്കുവയ്ക്കുകയും ചെയ്തു. 28-11-2018-ൽ കെഎൽഎം എക്സി. അംഗങ്ങൾ ആധുനിക കൃഷി രീതികൾ കണ്ടു മനസ്സിലാക്കുന്നതിന്റെ ഭാഗമായി ശ്രീകാര്യം കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം, വെള്ളായണി കാർഷിക കോളേജ് എന്നിവിടങ്ങൾ സന്ദർശിച്ചു. അതിൽ ഫെറോനവികാരിയുടെ സാന്നിധ്യമുണ്ടായിരുന്നു.

**ആരോഗ്യകാര്യ കമ്മീഷൻ**

തൈക്കാട് ഇടവകയിൽ വയോമിത്രം ക്യാമ്പ് നടന്നു. കിളളിപ്പാലം സെന്റ് ജൂഡ് സ്കൂളിലെ കുട്ടികൾക്ക് ആരോഗ്യപരിപാലനവും ഭക്ഷണക്രമവും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് നല്കി പാളയം ഇടവകയുടെ നേതൃത്വത്തിൽ ബാർട്ടൺഹിൽ അംഗൻവാടിയിൽ വച്ച് ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ആർസിസി ഡോക്ടർ കലാവതിയും സംഘവുമാണ് ക്യാമ്പിന് നേതൃത്വം നല്കിയത്. 59 പേർ ക്യാമ്പിൽ പങ്കെടുത്തു.





15-12-18-ൽ ഫെറോന സാമൂഹ്യശുശ്രൂഷ എക്സി. അംഗങ്ങൾ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഴാകുളത്തുള്ള ഓസാനം കാരുണ്യഭവൻ സന്ദർശിക്കുകയും ആഹാരവും മറ്റ് അവശ്യസാധനങ്ങളും നല്കുകയും ചെയ്തു.

**സ്ത്രീകളും കുട്ടികളും**

കിള്ളിപ്പാലം ഇടവകയിൽ ചൈൽഡ് പാർലമെന്റിന്റെ വാർഷികാഘോഷം നടത്തി. ഇടവകവികാരി ഉദ്ഘാടനം നിർവഹിച്ചു. കുട്ടികളുടെ നിയമങ്ങളും അവകാശങ്ങളും എന്ന വിഷയത്തിൻമേൽ അഡ്വ.ലക്ഷ്മി ക്ലാസ് നല്കി.

16-12-18-ൽ മലമുകൾ ചൈൽഡ് പാർലമെന്റ് കുട്ടികളുടെ നേതൃത്വത്തിൽ ഇടവകവികാരി ഉൾപ്പെടെ അടങ്ങുന്ന ഒരു സംഘം വിളപ്പിൽശാല ആശ്വാസ് ഭവൻ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികൾക്ക് കേക്ക് മുറിച്ചും കരോൾഗാനം ആലപിച്ചും ക്രിസ്മസ് ആഘോഷം നടത്തുകയും സ്നേഹവിരുന്നൊരുക്കുകയും ചെയ്തു.

| | |
|---|---|
| **ഫാ. ക്ലീറ്റസ് വിൻസെന്റ്** | **രമ്യാ ജോസ്** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

## വലിയതുറ ഫെറോന

**നീതിസമാധാന വികസന കമ്മീഷൻ**

**കാര്യശേഷി വികസനവിഭാഗം**: 10/10 ഇടവകയിലും സാമൂഹ്യശുശ്രൂഷാ കൺവീനർമാരെ തിരഞ്ഞെടുത്തു. സെന്റ് സേവ്യഴ്സ് ചെറിയതുറ, കൊച്ചുവേളി ഇടവകകളിൽ ഫെറോന ആനിമേറ്ററിന്റെ സാന്നിദ്ധ്യത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളുടെ തിരഞ്ഞെടുപ്പും നടത്തി. 30-12-2018-ൽ പുതിയ ഫെറോന സമിതിക്കു രൂപം കൊടുക്കുന്നതിനായി ജനറൽബോഡി യോഗം കൂടുവാൻ തീരുമാനിക്കുകയും എല്ലാ ഇടവകയിലും അറിയിപ്പു നല്കുകയും ചെയ്തു. ഇല

ക്ഷനുമായി ബന്ധപ്പെട്ട് എല്ലാ ഇടവകയും ഫെറോന ആനിമേറ്റർ സന്ദർശിച്ചു. 16-12-18-ൽ ഫെറോന ഓഫീസിൽ വച്ചു നടത്തിയ പുതിയ ഇടവക ഭരണസമിതികൾക്കായി നടത്തിയ ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുക്കുകയും അവശ്യസാധനങ്ങൾ ഫെറോന പ്രവർത്തകർ നല്കുകയും ചെയ്തു.

അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളുടെ ഭാഗമായി സാന്താമരിയ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച തോപ്പ് ഇടവകയിലുള്ള ഭവനം പൂർത്തിയായി. ഭവനം ഒരു സമ്മാനം പദ്ധതിയിലുൾപ്പെട്ട 3 പേർക്ക് ഡിസംബർ മാസം 50000 രൂപ വീതം ലഭിച്ചു.

സ്വയം സഹായ സംഘ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോനയോഗവും ക്രിസ്തുമസ്സ് ആഘോഷം പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും രൂപത കോർഡിനേറ്റർ ശ്രീമതി അന്ന റീത്തയുടെ സാന്നിദ്ധ്യത്തിൽ 18-12-18-ൽ വെട്ടുകാട് ഇടവകയിൽ വച്ചു നടത്തി. മുടക്കമില്ലാതെ യോഗങ്ങളിൽ പങ്കെടുത്ത ഇടവകകളായ സെന്റ് സേവ്യഴ്സ്, കണ്ണാന്തുറ, വെട്ടുകാട് ഇടവകകൾക്കും ഭാരവാഹികൾക്കും സമ്മാനം നല്കി. മുൻ വൈസ്പ്രസിഡന്റ് ശ്രീമതി ട്രീസാ ജോസഫ് ആണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്.

15-12-18-ൽ ഫെറോന എസ്.എച്ച്.ജി അംഗങ്ങളുടെ നേതൃത്വത്തിൽ വിനോദയാത്ര പോകുവാൻ തീരുമാനിച്ചു.

ഇടവകതലയോഗങ്ങൾ 5/5 നടക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. വലിയതുറ ഇടവകയിൽ ഇടവക വികാരി റവ.ഫാ.മെൽക്കോണിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

സേവ് എ ഫാമിലി പ്രോജക്ടിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി 36 കുടുംബങ്ങൾക്ക് സഹായം ലഭിക്കുന്നു ചെറിയതുറ-6, ചെറുവെട്ടുകാട്-2, കണ്ണാന്തുറ-4 എന്ന ക്രമത്തിൽ ആനിമേറ്റേഴ്സ്





ഭവനസന്ദർശനം നടത്തി ഹാൻഡ്ബുക്ക് അപ്ഡേറ്റ് ചെയ്തു. ചെറിയതുറ-1, വെട്ടുകാട്-2 എന്ന ക്രമത്തിൽ 3 അംഗങ്ങൾ 36000 രൂപ ഫണ്ട് വിത്ത്ഡ്രോവൽ നടത്തി. 36 അംഗങ്ങളിൽ നിന്നും കത്തുകൾ ഉപകാരികൾക്കായി ശേഖരിച്ചു. പ്രസ്തുത കത്തുകൾ കോർഡിനേറ്റർ റവ.സി.പ്രശാന്തിയുടെ നേതൃത്വത്തിൽ അയയ്ക്കുകയും ചെയ്തു. കൊച്ചുവേളി, വേളി, വെട്ടുകാട് ഇടവകകളിലുള്ള പുതിയ ഗുണഭോക്താക്കളുടെ അക്കൗണ്ട് ഓപ്പൺ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

**തൊഴിൽകാര്യ കമ്മീഷൻ**

മത്സ്യക്കച്ചവട സ്ത്രീഫോറം പ്രവർത്തനങ്ങളുടെ ഭാഗമായി 8-12-18-ൽ ഫെറോനയോഗം നടന്നു. മത്സ്യശുശ്രൂഷയെക്കുറിച്ച് ചർച്ച ചെയ്തു. 23-12-18-ൽ ഫെറോന ഓഫീസിൽ വച്ച് ക്രിസ്തുമസ്സ് ആഘോഷം നടത്തുവാൻ തീരുമാനിച്ചു. യൂണിറ്റ് യോഗം 4/8 ഇടവകകളിൽ നടന്നു. 9 അംഗങ്ങൾക്കായി 205000 രൂപ വായ്പ നല്കി.

റ്റിഎംഎഫ് ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫെറോന യോഗം 8-12-18-ൽ നടന്നു. മത്സ്യക്കച്ചവട സ്ത്രീഫോറവുമായി ചേർന്ന് ക്രിസ്തുമസ്സ് ആഘോഷം നടത്തുവാൻ തീരുമാനിച്ചു.

**ആരോഗ്യകാര്യ കമ്മീഷൻ**

15-12-18-ൽ കണ്ണാന്തുറ ഇടവകസാമൂഹ്യശുശ്രൂഷാ സമിതിയുടെ നേതൃത്വത്തിൽ നേത്ര പരിശോധന ക്യാമ്പ് നടത്തി. കാരക്കോണം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ 74 പേർ പങ്കെടുത്തു. 3 പേർക്ക് തിമിര ശസ്ത്രക്രിയ നടത്തുകയും ചെയ്തു.

എസ്എൽഎഫ് പ്രോജക്ടിലുള്ള കുട്ടികളുടെ ഭവനസന്ദർശനം നടത്തി. ബിൽ കളക്ട് ചെയ്തു രൂപതയിൽ എത്തിച്ചു.

**സ്ത്രീകളും കുട്ടികളും**

വിധവാഫോറങ്ങളുടെ ഇടവകതലയോഗങ്ങൾ 4/4 ഇടവകയിലും നടന്നു.

ചൈൽഡ് പാർലമെന്റിന്റെ യോഗങ്ങൾ വേളി, ചെറുവെട്ടുകാട് ഇടവകകളിൽ നടന്നു. ക്രിസ്തുമസ്സ് ആഘോഷപരിപാടികൾ നടത്തി.

പ്രവാസിഫോറത്തിന്റെ ഭാഗമായി സെന്റ് സേവ്യഴ്സിലുള്ള ഒരാളെ ക്ഷേമനിധിയിൽ അംഗത്വം നല്കുകയും വിദേശത്തു പോകാനായി തയ്യാറെടുക്കുന്ന 2 വ്യക്തികൾക്ക് നോർക്കയെക്കുറിച്ചുള്ള അറിവു നൽകുകയും ചെയ്തു.

| | |
|---|---|
| **റവ.ഫാ.പോൾ.ജി** | **ഷീജ.റ്റി.കെ** |
| കോഓർഡിനേറ്റർ | ആനിമേറ്റർ |

**കോവളം ഫെറോന**

**ഇടവക കൗൺസിൽ അംഗങ്ങൾക്ക് ക്ലാസ്സ്**

15-12-18-ൽ പൂന്തുറ, ഇടയാർ, പരുത്തിക്കുഴി എന്നീ ഇടവകയിലെ കൗൺസിൽ അംഗങ്ങൾക്കും 22-12-18-ൽ മിഷനറിയിലെ 10 ഇടവകയിലെ അംഗങ്ങൾക്കും സാമൂഹ്യശുശ്രൂഷാസമിതിയെക്കുറിച്ച് ആനിമേറ്റർ തങ്കം ക്ലാസ്സെടുക്കുകയും ചെയ്തു.

27-ാം തീയതി ആഴാകുളം നേഴ്സറിയിൽ വച്ച് എസ്എച്ച്ജി ഫെറോന യോഗം ആനിമേറ്ററിന്റെ നേതൃത്വത്തിൽ കൂടി.

31-12-18-ൽ പൂന്തുറ, വിഴിഞ്ഞം ഇടവകയിൽ മീറ്റിംഗ് കൂടി.

കെഎൽഎം ഫെറോനയോഗം 30-12-18-ൽ കൂടുകയും ഫെറോന ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

16-12-18-ൽ പാലപൂർ - 10 അംഗങ്ങൾ
2-12-18-ൽ നെല്ലിയോട് - 18
23-12-18-ൽ പെരിങ്ങമല, ആഴാകുളം - 18 എന്നീ ക്രമത്തിൽ യൂണിറ്റ് യോഗങ്ങൾ കൂടി.





**ആരോഗ്യകാര്യ കമ്മിഷൻ**

1-12-18-ൽ എയ്ഡ്സ് ദിനാചരണമായതിനാൽ എസ്എച്ച്ജി അംഗങ്ങളെ ഉൾപ്പെടുത്തി എയ്ഡ്സിനെക്കുറിച്ച് സിഎച്ച്സി യിലെ ഹെൽത്ത് ഇൻസ്പെക്ടർ ക്ലാസെടുത്തു 30 അംഗങ്ങൾ പങ്കെടുത്തു.

15-12-18-ൽ വയോമിത്ര മെഡിക്കൽ ക്യാമ്പു വിഴിഞ്ഞം ഇടവകയിൽ വച്ചു നടത്തി. 55 അംഗങ്ങൾ പങ്കെടുത്തു.

15-12-18-ൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം വിഴിഞ്ഞം ഇടവകയിൽ വച്ചു നടത്തി. 22 പേർ പങ്കെടുത്തു. ഭിന്നശേഷിയായ 30 കുട്ടികളുടെ ബിൽ കളക്ട് ചെയ്ത് സി.അഡോൾഫയെ ഏൽപിച്ചു.

ഭിന്നശേഷിയായ മൂന്ന് കുട്ടികളുടെ സർവ്വേ എടുത്ത് ഓഫീസിലെത്തിച്ചു.

**വിധവാസംഗമം**

ഒന്നാം തീയതി രൂപതാതലത്തിൽ നടത്തിയ വിധവ സംഗമത്തിൽ കാക്കമൂല, വിഴിഞ്ഞം, പൂന്തുറ എന്നീ ഇടവകകളിൽ നിന്നും 15 അംഗങ്ങളെ പങ്കെടുപ്പിച്ചു.

**മത്സ്യക്കച്ചവട സ്ത്രീഫോറത്തിന്റെ യോഗം**

9-12-18-ൽ വിഴിഞ്ഞം റ്റിഎസ്എസ്എസ് ഓഫീസിൽ വച്ച് യൂണിറ്റ് മീറ്റിംഗ് കൂടി. സമുദായ ദിനാചരണത്തിൽ അംഗങ്ങളെ പങ്കെടുപ്പിച്ചു. കാല് മുറിഞ്ഞ മത്സ്യക്കച്ചവട സ്ത്രീയുടെ ഭവനം സന്ദർശിച്ചു. യോഗത്തിൽ 52 അംഗങ്ങൾ പങ്കെടുത്തു.

**ഫെറോനയോഗം**

16-12-18-ൽ മത്സ്യക്കച്ചവട സ്ത്രീകളുടെ യോഗം കൂടി. 23-ാം തീയതി ക്രിസ്മസ് സെലിബ്രേഷൻ നടത്തി. അഞ്ച് അംഗങ്ങൾക്ക് ലോൺ ആവശ്യപ്പെട്ടു കൊടുക്കാൻ തീരുമാനിച്ചു.

11, 18 എന്നീ തീയതികളിൽ ഓഖിബാധിത ഭവനങ്ങൾ

വിസിറ്റ് ചെയ്തു. അവരുടെ ജീവിതനിലവാരം നേരിൽ കണ്ട് വില യിരുത്തി. സേവ് എ ഫാമിലിയിൽ ലെറ്റർ എഴുതി ഏൽപിക്കാത്ത അഞ്ച് അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് ലെറ്റർ എഴുതി വാങ്ങി.

ഫെറോനയിലെ ഏഴു നേഴ്സറികൾ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. സീകോൺ ടീം എക്സാം നടത്തി. കുട്ടിക ളുടെ പഠന നിലവാരം മാതാപിതാക്കളെ ബോധ്യപ്പെടുത്തി.

വിഴിഞ്ഞം സപ്ലിമെന്ററി നടന്നുവരുന്നു. ക്രിസ്മസ് സെലി ബ്രേഷൻ നടത്തി. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തു വാൻ ആഴ്ചയിൽ ഒരു ദിവസം ടെസ്റ്റുപേപ്പർ നടന്നു.

ഫെറോനയിലെ നാലു ഇടവകയിൽ ചൈൽഡ് പാർലമെന്റ് കൂടി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**മദ്യം**

വിഴിഞ്ഞം ഇടവകയിൽ എല്ലാ ഞായറാഴ്ചകളിലും എഎ ഗ്രൂപ്പ് കൂടി പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകുന്നു. ഭവനസന്ദർശനം നടത്തി അംഗങ്ങളെ മുക്തി ഡീ എഡിഷൻ സെന്ററിൽ പോകാൻ പ്രോത്സാഹനം നല്കുന്നു.

**പ്രവാസി**

വിദേശത്തിൽ നിന്നും സുഖമില്ലാതെ വന്ന 24 വയസ്സുപ്രാ യമുള്ള റീഗൺ എന്ന യുവാവിനെ ഫാ.ജോൺഡാൾ, സി.സുജ, ശ്രീ തങ്കം, ശ്രീ.കമലം എന്നിവർ വിസിറ്റു ചെയ്യുകയും രോഗാ വസ്ഥ മനസ്സിലാക്കി ഇതുവരെ ചികിത്സയുടെ വിശദവിവരം അട ങ്ങുന്ന അപേക്ഷ നോർക്കാ റൂഡ്സിൽ എത്തിക്കുവാൻ സാധിച്ചു.

പ്രളയബാധയിൽ കൃഷി നശിച്ച രണ്ടു അംഗങ്ങൾക്ക് 25000 രൂപ വച്ച് 50000 രൂപ ലോണായി രൂപതയിൽ നിന്നും നല്കി.

**ഫാ. ജസ്റ്റിൻ ജൂഡിൻ** — **തങ്കമണി**
കോഓർഡിനേറ്റർ — ആനിമേറ്റർ



\



## പുല്ലുവിള ഫെറോന

**ഇടവകാതല പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ്**

ഫെറോനയിലെ എല്ലാ ഇടവകയിലും പുതിയ ഭരണസമി തിയെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി സാമൂഹ്യശുശ്രൂഷ സമിതി കൺവീനറെ തെരഞ്ഞെടുക്കുകയുണ്ടായി. ഒപ്പം അടിമല ത്തുറ, പുതിയതുറ, പരുത്തിയൂർ എന്നീ ഇടവകകളിൽ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തു.

**അടിസ്ഥാന സൗകര്യ വികസനം**

ഫെറോനയിലെ പുല്ലുവിള, കൊച്ചുപള്ളി, ചൊവ്വര, ലൂർദ്ദുപുരം എന്നീ ഇടവകകളിലായി 6 ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയാക്കി. ഒപ്പം ഫെറോനയിൽ ഭവനം ഒരു സമ്മാനം പദ്ധതിയുടെ മൂന്നാംഘട്ട സഹായം നല്കി 7 ഭവനങ്ങളുടെ നിർമ്മാണം നടന്നുവരുന്നു.

**സ്വയം സഹായ സംഘങ്ങൾ**

ഫെറോനാതലത്തിൽ 21, 22 എന്നീ തീയതികളിൽ പുല്ലുവിള സംഘടിപ്പിച്ച ഫെറോനതല ക്രിസ്തുമസ്സ് വിപണനമേള ഫെറോനവികാരി ഫാ.ജോർജ്ജ് ഗോമസ് ഉദ്ഘാടനം ചെയ്തു. പൊഴിയൂർ മുതൽ അടിമലത്തുറ വരെയുള്ള ഇടവകകളിൽ നിന്നുമായി 34 ഗ്രൂപ്പുകൾ വിപണനമേളയിൽ പങ്കെടുത്തു.

22-12-2018 കൊല്ലംകോട് 59 എസ്എച്ച്ജികളുടെ പങ്കാളിത്തത്തോടുകൂടി സംഘടിപ്പിച്ച ഇടവകാതല ക്രിസ്തുമസ്സ് വിപണനമേള ഇടവകവികാരി ഫാ. ഷാജുവില്യം ഉദ്ഘാടനം ചെയ്തു. ഇടവക സിസ്റ്റർ പ്രതിനിധി സി.ഷേർളി ആശംസകൾ നല്കി.

**ലോൺ വിതരണം**

കൊല്ലംങ്കോട് 59 എസ്എച്ച്ജിയ്ക്കും; പുതിയതുറ 63 എസ്എച്ച്ജിയ്ക്കും കരുംകുളം ബാങ്ക് ഓഫ് ഇന്ത്യ ഉച്ചക്കട, ബാലരാമപുരം എന്നീ ബ്രാഞ്ചുകളിൽ നിന്നും ഒരു ഗ്രൂപ്പിന് 3 ലക്ഷം, 5 ലക്ഷം എന്നീ ക്രമത്തിൽ ലോൺ വിതരണം നടന്നു.

എസ്എച്ച്ജി ഫെഡറേഷൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു: കൊല്ലംങ്കോട്, പരുത്തിയൂർ, കൊച്ചുതുറ, നമ്പ്യാതി, ലൂർദ്ദുപുരം, പള്ളം, പുല്ലുവിള, അടിമലത്തുറ എന്നീ 8 ഫെഡറേഷനുകളിൽ യോഗം നടത്തി, പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പുതിയതുറ, പൂവാർ, കരുംകുളം എന്നീ ഫെഡറേഷനുകളിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാൻ നിർദ്ദേശിച്ചു

**അഗതിമന്ദിരം സന്ദർശനം**

16-12-18-ൽ പള്ളം ഇടവകയിലെ രാജീവ് എസ്എച്ച്ജി അംഗങ്ങൾ ചേർന്ന് മൺവിള അഗതിമന്ദിരത്തിലെ അന്തേവാസികൾക്കാവശ്യമുള്ള ഭക്ഷണവും വസ്ത്രവും നല്കി സന്ദർശനം നടത്തി.

**മത്സ്യവിപണന സ്ത്രീഫോറം**

അടിമലത്തുറ, പുല്ലുവിള, പള്ളം, കരുംങ്കുളം, പൂവാർ എന്നീ ഇടവകകളിൽ മത്സ്യവിപണന സ്ത്രീഫോറത്തിലേക്ക് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്തു.

വഴിയോര മത്സ്യവിപണന സ്ത്രീകൾക്ക് നെയ്യാറ്റിൻകര സോണിൽ അംഗീകാരമുള്ള ഐ.ഡി കാർഡ് ലഭ്യമാക്കാനുള്ള അപേക്ഷ ഫോം ലഭ്യമാക്കി. ഐഡി കാർഡിനായുള്ള അപേക്ഷകൾ കളക്ട് ചെയ്ത് വരുന്നു.

**സംഘവായ്പ വിതരണം**

മത്സ്യവിപണന സ്ത്രീഫോറത്തിലെ 12 അംഗങ്ങൾക്കായി 2 ലക്ഷം രൂപ സംഘവായ്പ നൽകി.





**ക്രിസ്തുമസ് ആഘോഷം**

30-12-18-ൽ കൊച്ചുവേളി മെഡോണ ഹാളിൽ വച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഫെറോനവികാരി ഫാ.ജോർജ്ജ് ഗോമസ് അവർകൾ ഉദ്ഘാടനം ചെയ്തു. രൂപതാ സ്ത്രീ ശിശുവിഭാഗം കോർഡിനേറ്റർ സി.ഷിജി, മെഡോണ സുപ്പീരിയർ സി.ജോളി എന്നിവർ ആശംസകൾ നല്കുകയും ഫെറോന സാമൂഹ്യശുശ്രൂഷ അസിസ്റ്റന്റ് കോർഡിനേറ്റർ സന്ദേശം നല്കുകയും ചെയ്തു. വിവിധ മത്സരങ്ങൾ നടത്തി, വിജയികൾക്ക് സമ്മാനം നല്കുകയും 100 മത്സ്യവിപണന സ്ത്രീകൾക്ക് ക്രിസ്മസ് ഗിഫ്റ്റ് നല്കുകയും ചെയ്തു.

**ജൂബിലി മൊബൈൽ ക്ലീനിക്**

ഫെറോനയിലെ 7 തീരപ്രദേശത്തായി ഞായർ ഒഴികെ ബാക്കിയെല്ലാ ദിവസങ്ങളിലും ജൂബിലി ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ മൊബൈൽ ക്ലീനിക് തുടർച്ചയായി നടന്നു. മാസം 1400 ഓളം രോഗികൾ പരിശോധനയ്ക്ക് വിധേയരായി വരുന്നു.

**ക്രിസ്തുമസ് ആഘോഷം**

ഫെറോനയിലെ 3 സപ്ലിമെന്ററി സെന്ററുകളിലും, 4 നേഴ്സറി സെന്ററുകളിലും അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഇടവകകളുടെ സഹകരണത്തോടെ സെന്റർതല ക്രിസ്തുമസ്സ് ആഘോഷം നടത്തി, കേക്ക് മുറിച്ച് മധുരം പങ്കുവച്ചു, പരസ്പരം ക്രിസ്മസ് ആശംസകൾ കൈമാറി.

**ഫാ.ജോർജ്ജ് ജെ.ഗോമസ്**
കോഓർഡിനേറ്റർ

**രാജമണി രാജു**
ആനിമേറ്റർ

# അൽമായശുശ്രൂഷ

***അല്മായ-വനിതാ-യുവജന നേതൃസമ്മേളനം***

2018 ഡിസംബർ 9-ാം തിയതി ലത്തീൻ കത്തോലിക്ക സമുദായ ദിനാചരണത്തിന്റെ ഭാഗമായി അന്നേ ദിവസം രാവിലെ 10 മണിയ്ക്ക് ഓൾസെയിൻസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ആർ. ക്രിസ്തുദാസ് പതാക ഉയർത്തിക്കൊണ്ട് സമുദായ ദിനത്തിന് ആരംഭം കുറിക്കുകയും അതിനുശേഷം കോളേജിലെ 2 ഓഡിറ്റോറിയത്തിലും തോപ്പ് ഇടവകയിലെ സെന്റ് ആൻസ് ചർച്ച് ഓഡിറ്റോറിയത്തിലുമായി അല്മായ-വനിതാ-യുവജന പ്രതിനിധി സമ്മേളനങ്ങൾ നടന്നു.

അല്മായ സമ്മേളനം കെ.എൽ.സി.എ സംസ്ഥാന പ്രസിഡന്റ് ശ്രീ. ആന്റെണി നൊറോണയുടെ അദ്ധ്യക്ഷതയും അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉത്ഘാടനവും തീരദേശ വികസനവും നവകേരള നിർമ്മിതിയും എന്നതിനെ ക്കുറിച്ച് റവ.മോൺ. യൂജിൻ എച്ച് പെരേര വിഷയാവതരണം നടത്തുകയും അഡ്വ.ഷേറി ജെ.തോമസ്, ബെന്നി പാപ്പച്ചൻ, എൻ. ദേവദാസ്, തോമസ് കുരിശ്ശിങ്കൽ എന്നിവർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ മോഡറേറ്ററായി അല്മായ കമ്മീഷൻ സംസ്ഥാന ഡയറക്ടർ റവ.ഫാ. ഷാജ് കുമാർ നിർവ്വഹിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ പങ്കെടുത്തവരെ അഡ്വ. എം.എ ഫ്രാൻസീസ് സ്വാഗതവും ഇ.ആർ. ഷൈജ ടീച്ചർ നന്ദിയും പറഞ്ഞു.





വനിതാ സമ്മേളനം കെ.എൽ.സി.ഡബ്ല്യു.എ സംസ്ഥാന പ്രസിഡന്റ് ശ്രീമതി. ജെയ്ൻ ആൻസിൽ ഫ്രാൻസീസ് അദ്ധ്യക്ഷതയും വനിതാ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ ഉത്ഘാടനവും വനിതകളും അധികാര പങ്കാളിത്തവും എന്നതിനെക്കുറിച്ച് ലിഡ ജേക്കബ് ഐ.എ.എസ് വിഷയാവതരണം നടത്തുകയും ലിസ്ബ യേശുദാസ്, സ്മിത ബിജോയ്, പ്രൊഫ.ഡോ.ഐറിസ് കൊയ്ലൊ, സ്മിത മേരി എച്ച് എന്നിവർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ മോഡറേറ്ററായി ഡോ. എൽ.ജി.ശ്രീജ (അസി.പ്രൊഫ മലയാളം യൂണിവേഴ്സിറ്റി തിരൂർ) നിർവ്വഹിക്കുകയും ചെയ്തു. ഈ സമ്മേളനത്തിൽ പങ്കെടുത്തവരെ ഷെർളി ജോണി സ്വാഗതവും അൽഫോൻസ നന്ദിയും പറഞ്ഞു.

യുവജന നേതൃസമ്മേളനം കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. അജിത്ത് കെ. തങ്കച്ചൻ അദ്ധ്യക്ഷതയും യുവജന കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ ഉത്ഘാടനവും നവകേരള നിർമ്മിതിതിയിൽ യുവജനങ്ങളുടെ പങ്ക് എന്നതിനെക്കുറിച്ച് തിരുവനന്തപുരം സഹായ മെത്രാൻ ഡോ.ക്രിസ്തുദാസ്, സുജിത്ത് എഡ്വേഡ് പെരേര എന്നിവർ വിഷയാവതരണം നടത്തുകയും ശ്രീ.ജോയ് ഗോതുരുത്ത്, ശ്രീമതി. ദിവ്യ പി. ദേവ്, ശ്രീമതി. സരീഷ പ്രവീൺ എന്നിവർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ മോഡറേറ്ററായി കുമാരി ഡെലിൻ ഡേവിഡ് (സംസ്ഥാന സെക്രട്ടറി, എൽ.സി.വൈ.എം) നിർവ്വഹിക്കുകയും ചെയ്തു. ഈ സമ്മേ

ളനത്തിൽ പങ്കെടുത്തവരെ എം.എ.ജോണി സ്വാഗതവും മാനുവൽ നന്ദിയും പറഞ്ഞു.

### *ഡിസംബർ 9 - സമുദായ ദിന സമാപന സമ്മേളനം*

ഡിസംബർ 9-ാം തിയതി വൈകുന്നേരം 5.30 ന് ശംഖുമുഖം കടപ്പുറത്ത് വച്ച് നടന്ന സംസ്ഥാന ലത്തീൻ കത്തോലിക്ക സമുദായ ദിന സമ്മേളനം കെ.ആർ.സി.സി വൈസ് പ്രസിഡന്റ് ശ്രീ. ഷാജി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടുകയും കെ.ആർ.എൽ.സി.സി പ്രസിഡന്റ് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ഉത്ഘാടനം നിർവ്വഹിക്കുകയും ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിൽപറമ്പിൽ അനുഗ്രഹ പ്രഭാഷണവും നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ കേരള സംസ്ഥാന മന്ത്രിമാരായ ശ്രീ. കെ. രാജു, ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ, കേരള സംസ്ഥാന പ്രതിപക്ഷ നേതാവ് ശ്രീ. രമേഷ് ചെന്നിത്തല പ്രൊഫ. കെ.വി. തോമസ് എം. പി., എം. വിൻസെന്റ് എം.എൽ.എ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയായിരുന്നു. പ്രസ്തുത യോഗത്തിൽ കേരളത്തിലെ വിവിധ മെത്രാന്മാർ സന്യസ്തർ, വൈദീകർ, അല്മായർ എന്നിവർ വേദിയിൽ സന്നിഹിതരായിരിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തവരെ കെ.ആർ.എൽ.സി.സി സെക്രട്ടറി ശ്രീ. ആന്റെണി ആൽബർട്ട് സ്വാഗതവും കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ശ്രീ. ഇമ്മാനുവൽ മൈക്കിൾ നന്ദിയും അർപ്പിച്ചു. ഈ സമ്മേളന വേദിയിൽ കമ്പവലപാട്ട്, നാടൻപാട്ട് എന്നിവ അവതരിപ്പിക്കുകയും ചെയ്തു.





### *സമുദായ ദിന വിലയിരുത്തൽ യോഗം*

20.12.2018 ഉച്ചയ്ക്ക് 2.30 ന് അല്മായ ശുശ്രൂഷ ഡയറക്ടർ ഫാ. റ്റോണി ഹാംലറ്റിന്റെ അദ്ധ്യക്ഷതയിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് കൂടുകയുണ്ടായി. യോഗത്തിൽ ഫാ. യൂജിൻ എച്ച് പെരേര, ഫാ. മൈക്കിൾ തോമസ്, ഫാ.ഷാജിൻ ജോസ്, ഫാ. എ.ആർ.ജോൺ, ഫാ. ദീപക്ക്, ഫാ.മുത്തപ്പൻ അപ്പോലി എന്നിവരും അല്മായനേതാക്കളായ ആന്റെണി ആൽബർട്ട്, ഷേർളി ജോണി, മേരിപുഷ്പം, ജോൺസൻ ജോസഫ് എന്നിവരും കൂടാതെ ഫൊറോന, ഇടവക പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി യോഗത്തിൽ 9 സബ്കമ്മിറ്റികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തുകയുണ്ടായി. എന്നാൽ ലിറ്റർജി, ട്രാൻസ്പോർട്ടിംഗ്, സ്റ്റേജ് എന്നീ കമ്മറ്റികൾ നല്ല രീതിയിൽ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പൊതുവെ പൊതുസമ്മേളനത്തിൽ അംഗങ്ങളുടെ പങ്കാളിത്തം കുറവായിരുന്നു. കാരണം അന്നേ ദിവസം ചില ഇടവകകളിൽ ഇലക്ഷൻ പ്രക്രിയ നടത്തുകയും കൂടാതെ സമുദായ സമ്മേളനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇടവകളിൽ വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതിനാൽ വീഴ്ച സംഭവിച്ചു എന്നും വിലയിരുത്തുകയുണ്ടായി. കൂടാതെ വിവിധ ശുശ്രൂഷകളുടെ ഏകോപന പ്രവർത്തനം നല്ല രീതിയിൽ നടന്നിട്ടില്ലായെന്നും പ്രോഗ്രാമിന് ഫണ്ട് കണ്ടെത്തുന്ന കാര്യത്തിൽ ഫിനാൻസ് സമിതി വേണ്ട പ്രാധാന്യം കൊടുത്തിട്ടില്ലായെന്നും വിലയിരുത്തുകയുണ്ടായി. നിലവിലുള്ള അല്മായ നേതാക്കൾ പൊതുസമ്മേളനത്തിന് അംഗങ്ങളെ കൊണ്ടുവരുന്ന കാര്യത്തിൽ വേണ്ട ശ്രദ്ധ ഉണ്ടായിട്ടില്ലായെന്നും

ഭക്തസംഘടന അംഗങ്ങളുടെ പങ്കാളിത്തം കുറവായിരുന്നെന്നും വിലയിരുത്തി. യുവജന സമ്മേളനത്തിൽ അംഗങ്ങളുടെ പങ്കാളിത്തം കുറവാണെന്നും വോളന്റിയേഴ്സിന്റെ എണ്ണത്തിൽ കുറവ് വന്ന തായും വിലയിരുത്തുകയുണ്ടായി. മാത്രമല്ല പ്രതിനിധി സമ്മേളന ത്തിൽ മറ്റ് രൂപതയിൽ നിന്നും വന്ന അംഗങ്ങൾ പൊതു സമ്മേള നത്തിൽ പങ്കെടുക്കാതെ പോയത് ശരിയായില്ല എന്നുള്ള വിലയി രുത്തലും ഉണ്ടായി. നോട്ടീസ്, പോസ്റ്റർ, സർക്കുലർ എന്നിവ കൃത്യ സമയങ്ങളിൽ എത്തിച്ചിട്ടില്ലായെന്നും പറയുകയുണ്ടായി. ഈ കുറ വുകൾ പരിഹരിച്ചുകൊണ്ട് അല്മായ ശുശ്രൂഷ ശക്തിപ്പെടുത്തു വാൻ എല്ലാവരും പരിശ്രമിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു.

**ഫാ. റ്റോണി ഹാംലറ്റ്**
അല്മായ ശുശ്രൂഷ ഡയറക്ടർ